For Private Circulation Only

July 2024

ആഗമനാഗമം

Vol.71

" ഞാൻ നിങ്ങളെ മാനസാന്തരത്തിനായി വെള്ളത്തിൽ സ്നാനം ഏൽപിക്കുന്നതേയുള്ളൂ ..... എന്നെക്കാൾ ബലവാൻ ആകുന്നു " (മത്താ. 3:11)

No.7

ഉയരത്തിൽ നിന്നുള്ള ശക്തി

By John Greenfield Moravian Evangelist

കർത്താവായ ദൈവമേ, പരിശുദ്ധാത്മാവേ,

അംഗീകൃത സമയമമാമിതിൽ

പെന്തെക്കോസ്തു നാളിൽ,

ഇറങ്ങി വന്നു നിൻ അത്ഭുത ശക്തി,

ഞങ്ങൾ കണ്ടുമുട്ടി തൻ വാഗ്ദത്തത്തിൽ

നിയമിക്കപ്പെട്ടസ്ഥാനത്ത്,

കാത്തിരിക്ക തൻ വാഗ്ദത്തത്തിനായ്,

സകല കൃപയിൽ ആത്മാവിനായ്

പുതുക്കത്തിൽ പ്രേരകശക്തി

ഉയരത്തിലെ ജ്ഞാനത്താൽ:

തരിക ഹൃദയത്തെ തീനാവിനേയും

പ്രാർത്ഥിപ്പാൻ, സ്തുതിപ്പാൻ, സ്നേഹിപ്പാൻ.

1771- 1854 വരെ ജീവിച്ചിരുന്ന ജയിംസ് മോൺഡ്ഗോമറി എന്ന ഗാനരചയിതാവ്, സ്കോട്ട്ലണ്ട്കാരനായ ഒരു മൊറേവിയൻ കവിയുടേതാണ്. മുകളിലത്തെ വരികൾ, നൂറ് വർഷങ്ങൾക്ക് മുമ്പ്, ജർമ്മനിയിലെ ഹെൺ ഹട്ടിൽ വച്ച് 1727 ആഗസ്റ്റ് 13 തന്റെ ആത്മീക പിതാക്കന്മാരിൽ നിന്നും പകർന്നു കിട്ടിയ പ്രചോദനത്താൽ അടുത്ത ഒരു പെന്തെക്കോസ്തിനു വേണ്ടി പ്രാർത്ഥിച്ചു. മോൺഡ് ഗോമെറിയുടെ പ്രാർത്ഥനയോടു ചേർന്ന് നമുക്കും സ്വന്ത ജീവിത കാലത്തെ ഉണർവ്വിനായി പ്രാർത്ഥിക്കാം. ഡി.എൽ.മൂഡിയും ബോസ്റ്റണിലുള്ള തന്റെ അവസാനത്തെ പ്രസംഗങ്ങളിൽ, തന്റെ വീണ്ടും ജനനം സംഭവിച്ച ആ സ്ഥലത്തുവച്ച്, പരിശുദ്ധാത്മാവിനെക്കുറിച്ച് സംസാരിച്ചു.

" ദൈവത്തിന്റെ പരിശുദ്ധാത്മാവ് എങ്ങനെയാണ് പെന്തെക്കോസ്തു ദിനത്തിൽ കടന്നുവന്നതെന്ന് നോക്കുക! അത് വീണ്ടും വന്ന് ആ സ്ഥലത്തെ കുലുക്കിയതുപോലെ നമ്മെ ചലിപ്പിക്കുവാൻ. ഞാൻ വിശ്വസിക്കുന്നു, ആ ദിവസം നമുക്കൊരു മാതൃകയാണ്. എനിക്കു തോന്നുന്നു അനേക സഭകൾ വിശ്വസിക്കുന്നു. ഇത് വീണ്ടും ആവർത്തിക്കുന്ന ഒരു സംഭവമല്ല. ഞാനും ചിന്തിച്ചിരുന്നു, പെന്തെക്കോസ്തു ഇനി ആവർത്തിക്കുന്ന ഒരു സംഭവമല്ല എന്ന്. ഇപ്പോൾ ഞാൻ അതിനെ നോക്കി കാണുന്നു, ബോസ്റ്റൺ എന്ന സ്ഥലത്ത് പെന്തെക്കോസ്തിന്റെ അഗ്നി കത്തിക്കൊണ്ടിരിക്കുന്നു.

ഒരു മൊറെവിയൻ ചരിത്രകാരൻ ഇപ്രകാരം എഴുതി: ദൈവം അരുളിചെയ്യുന്നു: അങ്ങനെ സംഭവിക്കും ഞാൻ പകരും. ഇത് യോവേൽ പ്രവാചകനിലൂടെ ദൈവം നൽകിയ വാഗ്ദത്തമാണ്.

" പെന്തെക്കോസ്തു നാൾ ഈ വാഗ്ദത്തത്തിന്റെ ആദ്യ നിറവേറൽ ആയിരുന്നു. ഇത് ഒരേയൊരു നിറവേറൽ ആയി പുതിയ നിയമം പറയുന്നില്ല. പകരം നാം വായിക്കുമ്പോൾ, അപ്പോസ്തല പ്രവർത്തികളുടെ പുസ്തകത്തിൽ പല സ്ഥലങ്ങളിലും ഈ വാഗ്ദത്തം ആവർത്തിക്കുന്നതു കാണാം. ശമര്യയിൽ (8:14-47), എഫെസോസിൽ (19:1-7), കൊർന്നല്യൊസിന്റെ ഭവനത്തിൽ (10:44-46).

" സഭാ ചരിത്രത്തിൽ പലപ്പോഴും ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയെ നമുക്കു കാണാം. 1727 ആഗസ്റ്റ് 13-ാം തീയതി ദൈവത്തിന്റെ പ്രത്യേക പ്രവർത്തി നാം കണ്ടു, തന്റെ അത്ഭുതങ്ങൾ, പിതാക്കന്മാർ മേഘത്തിൻ കീഴിൽ സ്നാനമേൽക്കുന്നതു നാം കണ്ടു. പരിശുദ്ധാത്മാവ് ഞങ്ങളുടെമേൽ വന്നു, ദൈവത്തിന്റെ അത്ഭുതങ്ങളും അടയാളങ്ങളും ഞങ്ങൾ കണ്ടു. ആ ദിവസം മുതൽ ദൈവത്തിന്റെ അത്ഭുതങ്ങൾ ഞങ്ങളുടെ മദ്ധ്യത്തിൽ ഞങ്ങൾ കാണുന്നു. ദൈവവചനത്തെക്കുറിച്ചുള്ള ഒരു ദാഹം ഞങ്ങളുടെമേൽ വന്നു. അങ്ങനെ ദിവസം മൂന്ന് ആരാധനകൾ നടക്കുന്നു, അതായത്, രാവിലെ 5.00, രാവിലെ 7.30, വൈകുന്നേരം 9. ദൈവത്തിന്റെ ആത്മാവിന്റെ പൂർണ്ണ നിയന്ത്രണത്തിൽ ഞങ്ങൾ ആയിരുന്നു. സ്വയസ്നേഹവും, സ്വയ ആഗ്രഹവും അനുസരണക്കേടും അപ്രത്യക്ഷമായി ദൈവസ്നേഹത്താൽ ഞങ്ങൾ നിറയപ്പെട്ടു.

ക്രിസ്തുവിന്റെ സാമീപ്യം

1727 ആഗസ്റ്റ് 13 ഉച്ചക്ക് നടന്ന കൂട്ടായ്മയിൽ എന്താണ് നടന്നത് എന്ന് അവിടെ കൂടി വന്ന ആർക്കും കൃത്യമായി പയുവാൻ സാദ്ധ്യമല്ല. അവർ സ്വർഗ്ഗത്തിൽ ആയിരുന്നുവോ ഭൂമിയിൽ ആയിരുന്നുവോ എന്നു പറയുവാൻ പ്രയാസം എന്ന നിലയിലായിരുന്നു. അവർ പിരിഞ്ഞുപോയത്. അവർ അന്യോന്യം വിധിക്കുന്നത് നിർത്തി. പരസ്പരം കുറ്റ ബോധം ഉണ്ടായി, ദൈവമുമ്പിൽ തങ്ങൾ ഒന്നും ഇല്ല എന്ന് അറിഞ്ഞു. രക്ഷകന്റെ ഇഷ്ടത്തിന് തങ്ങളെതന്നെ സമർപ്പിച്ചു.

അതേ മുറിവേറ്റവർ,

അതിവേദനയാൽ, നിന്ദിതനായി.

" ഈ നിലയിൽ വേദനപ്പെട്ടവരായി, മുറിവേറ്റവരായി കണ്ണുനീരോടുകൂടെ എന്നാൽ അതിസന്തോഷത്തോടെ കാണപ്പെടുന്നു. അവരുടെ അതിദു:ഖം സന്തോഷവും സംതൃപ്തിയുള്ളവരുമായിത്തീർന്നു ".

ബിഷപ്പ് എഡ്വേർഡ് റോണ്ട് താലർ ഇങ്ങനെ ഓർക്കുന്നു. സിൻഡോർഫ് ആഴവും വിശാലവുമായ ധാരാളം അനുഭവങ്ങളെ നമുക്കു നൽകി. ദൈവത്തിന്റെ സാമീപ്യം ഒരു നിമിഷത്തിൽ അടുത്തറിഞ്ഞു, കൂടി വന്ന എല്ലാവർക്കും അനുഭവപ്പെട്ടും, അടുത്തെങ്ങും ഉണ്ടായിട്ടില്ലാത്ത, അവിസ്മരണീയമായ അനുഭവമായിരുന്നു.

" ഇവർ എല്ലാവരും സാമാന്യ ജനങ്ങൾ ആയിരുന്നു. തുടർന്നുള്ള നാളുകളിൽ ശുശ്രൂഷകന്മാരും, മിഷനറി

(ശേഷം 2-ാം പേജിൽ)

(1-ാംപേജിന്റെ തുടർച്ച)

ഉയരത്തിൽ നിന്നുള്ള ശക്തി

മാരും, ഡീക്കന്മാരും, ബിഷപ്പുമാരും കടന്നുവന്ന് അനുഗ്രഹിക്കപ്പെട്ടു. അവർ എല്ലാവരും സാധാരണക്കാർ ആയിരുന്നു, അവരെല്ലാവരും കർത്താവിന്റെ ശുശ്രൂഷകരായിത്തീർന്നു. യേശുക്രിസ്തു മുഖാന്തരം ദൈവത്തിന് പ്രസാദമുള്ള ആത്മീയ യാഗം കഴിപ്പാൻ തക്ക വിശുദ്ധ പുരോഹിത വർഗ്ഗമാകേണ്ടതിന് പണിയപ്പെടുന്നു " (1 പത്രൊ. 2:5).

"ഇത് ഒരു ചെറിയകൂട്ടമായിരുന്നു. സിൻസെൻഡോർ ൾഫ്, ഒരു സാധാരണ നേതാവായിരുന്നു, വെറും ഇരുപത്തേഴു

വയസുമാത്രം പ്രായമുള്ള ഒരു സാധാരണക്കാരനായിരുന്നു. ഏകദേശം എല്ലാവരും തന്നെ അതിനടുത്ത പ്രായക്കാരായിരുന്നു.

സഭാ ചരിത്രത്തിലുടനീളം പരിശോധിച്ചാൽ എല്ലാ പ്രവർത്തകരും, സ്ത്രീകളും പുരുഷന്മാരും ദൈവാത്മാവിനാൽ നയിക്കപ്പെട്ട് കർത്താവിനുവേണ്ടി ധീരധീരം പോരാടിയ വിശ്വാസത്തിന്റെ പോരാളികളായിരുന്നു.

ഒരു പുതിയ പെന്തെക്കോസ്തു

മൊറേവിയൻ ചരിത്രം പരിശോധിച്ചാൽ അമേരിക്കൻ സുവിശേഷകന്മാരുടെ ചരിത്രത്തിൽ പരിശുദ്ധാത്മാവിനാൽ സ്നാനപ്പെടുവാനുള്ള സാദ്ധ്യതകൾ അവർ ആരാഞ്ഞിരുന്നു എന്ന് കാണാം. ഇന്നത്തെ പെന്തെക്കോസ്തിന്റെ ശക്തി വ്യാപരിക്കുന്നതിന് രണ്ട് നൂറ്റാണ്ടുകൾക്കപ്പുറത്ത് മൊറേവിയൻ മിഷ്യനറിമാർ അതിന്റെ സാദ്ധ്യതകളെക്കുറിച്ച് ആരാഞ്ഞിരുന്നു.

യരുശലേമിലും ഹെൺഹട്ടിലും ഉള്ള വിശ്വാസികളുടെ സമൂഹം മൂന്നൂറിൽ താഴെയായിരുന്നു. രണ്ടു സമൂഹങ്ങളും ലോകത്തിന്റെ സ്വാധീനമില്ലാത്ത, ജ്ഞാനമില്ലാത്ത, ശക്തിയില്ലാത്ത, ധനം എന്നിവയില്ലാത്ത രണ്ട് ചെറിയ കൂട്ടങ്ങളായിരുന്നു. അവരുടെ ശത്രുക്കൾ അവരെ പഠിപ്പില്ലാത്തവരും ബുദ്ധിയില്ലാത്തവരും എന്ന് എണ്ണിയിരുന്നു. അവരുടെ ഉറ്റസ്നേഹിതർ അവരെ താഴെകാണുന്ന ഭാഷയിൽ വിവരിച്ചിരുന്നു. "നിങ്ങളുടെ വിളിയെ നോക്കുവിൻ, ജ്ഞാനികൾ ഏറെയില്ല, ബലവാന്മാർ ഏറെയില്ല, കുലീനന്മാരും ഏറെയില്ല. ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്തമായതു തെരഞ്ഞെടുത്തു. ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ലോകത്തിൽ ദൈവം ബലഹീനമായതു തെരഞ്ഞെടുത്തു. ഉള്ളതിനെ ഇല്ലായ്മയാക്കുവാൻ ദൈവം ലോകത്തിൽ കുലഹീനമാ

(ശേഷം 8-ാം പേജിൽ)

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

" യഹോവ ഇപ്രകാരം അരുളിചെയ്യുന്നു എന്റെ രക്ഷ വരുവാനും എന്റെ നീതി വെളിപ്പെടുവാനും അടുത്തിരിക്കയാൽ ന്യായം പ്രമാണിച്ചു നീതി പ്രവർത്തിപ്പിൻ. ശബ്ബത്തിനെ അശുദ്ധമാക്കാതെ പ്രമാണിച്ചു ദോഷം ചെയ്യാതവണ്ണം തന്റെ കൈ സൂക്ഷിച്ചും കൊണ്ട് ഇതു ചെയ്യുന്ന മർത്യനും ഇതു മുറുകെ പിടിക്കുന്ന മനുഷ്യനും ഭാഗ്യവാൻ " (യെശ. 56:1-3).

2024 ജൂൺ നമ്മെ വിട്ട് കടന്നു പോയി. ജൂലൈ മാസത്തിലേക്ക് നാം കടന്നിരിക്കുന്നു.

ദൈവം നിങ്ങളെയും നിങ്ങളുടെ വേദനയും കാണുന്നു. നിങ്ങളുടെ ജീവിതത്തിലെ അന്ധകാരത്തെ അകറ്റി നിങ്ങളുടെ ക്ഷീണിച്ച ഹൃദയത്തെ പുതുക്കി നിങ്ങളുടെ ആത്മാവിനെ ബലപ്പെടുത്തി സകലത്തിനും രൂപാന്തരം വരുത്തി നിങ്ങളെ ഒരു അനുഗ്രഹമാക്കിത്തീർക്കുവാൻ കർത്താവിന് കഴിയും. നിങ്ങളുടെ ജീവിതം അന്ധകാരത്താൽ മൂടപ്പെട്ട് ദു:ഖത്തിലും കണ്ണുനീരിലുമായിരിക്കുന്നുവെങ്കിൽ നിങ്ങളുടെ പൂർണ്ണ ആശ്രയം അത്ഭുതങ്ങൾ ചെയ്യുവാൻ കഴിയുന്ന ജീവനുള്ള ദൈവത്തിൽ അർപ്പിച്ചുകൊണ്ട് അവിടുത്തെ പാദങ്ങളെ മുറുകെ പിടിക്കുന്നു.

നിങ്ങളുടെ വേദനകളും ആകുലതകളും ദൈവവുമായി പങ്കുവെക്കുക. അപ്പോൾ അവിടുന്ന് നിങ്ങളെ ശക്തിപ്പെടുത്തുകയും സന്തോഷവും ആനന്ദവും കൊണ്ട് നിറെച്ച് നിങ്ങൾക്ക് ധൈര്യം നൽകി നിങ്ങളെ അനുഗ്രഹിക്കയും ചെയ്യും.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരിൽ നിന്നും ഒരു പ്രതികരണവും ലഭിക്കുന്നില്ല. നിങ്ങളുടെ അഭിപ്രായങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

പ്രീയ വായനക്കാരുടെ ശ്രദ്ധയ്ക്ക്

മാസികയെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങൾക്കായി ഞങ്ങൾ സ്നേഹത്തോടെ കാത്തിരിക്കുന്നു. നിങ്ങളുടെ അഭിപ്രായങ്ങൾ എഴുതി അറിയിക്കുക. നമുക്കു ഓരോരുത്തർക്കും ആത്മാവിന്റെ നിറവോടുകൂടെ കർത്താവിന്റെ മഹത്വത്തിനായി നിലകൊള്ളാം. നിങ്ങളിൽ നിന്നും കേൾക്കുവാൻ ഞങ്ങൾ കാത്തിരിക്കുന്നു.

" ആകയാൽ സൂക്ഷ്മത്തോടെ അജ്ഞാനികളായിട്ടല്ല, ജ്ഞാനികളായിട്ടത്രേ നടപ്പാൻ നോക്കുവിൻ. ഇത് ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ. ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഇന്നതെന്ന് ഗ്രഹിച്ചുകൊൾവിൻ, വീഞ്ഞു കുടിച്ചു മത്തരാകരുത്. അതിനാൽ ദുർന്നടപ്പു ഉണ്ടാകുമല്ലൊ. ആത്മാവു നിറഞ്ഞവരായി.... " (എഫെ. 5:15-18).

ഈ അവസാന നാളുകളിൽ നാം ചെയ്യേണ്ടതായ പ്രധാന കാര്യം എന്നത്, ആത്മാവ് നിറഞ്ഞവരായിരിപ്പിൻ. ഈ പ്രയാസമേറിയ അവസാനനാളുകളിൽ ആത്മാവ് നിറഞ്ഞവരായി ജീവിച്ചു, കർത്താവിന്റെ വേല വിശ്വസ്തമായി ചെയ്യേണ്ടതാണ്. പിശാചിന് തന്റെ സമയം അടുത്തിരിക്കുന്നു എന്നറിയാം. അതുകൊണ്ട് കഴിയുന്നിടത്തോളം ആളുകളെ വഞ്ചിച്ചു കളയാൻ ശ്രമിക്കും. നമ്മുടെ ചുറ്റുപാടുമുള്ള ആളുകൾക്ക് ആത്മനിറവുള്ള സാക്ഷ്യവും ശുശ്രൂഷയും ആവശ്യമാണ്. എന്നാൽ പരിശുദ്ധാത്മാവിനാൽ, നമ്മിൽ വസിക്കുന്ന ആത്മാവിനാൽ, ആത്മീക ജീവിതത്തിന്റെ ആത്മീക ഫലങ്ങളുടെ ഒരു കവിഞ്ഞൊഴുക്കു പര്യാപ്തമായിത്തീരുന്നു. താഴെക്കൊടുത്തിരിക്കുന്ന ആത്മാവിന്റെ മഹത്വകരമായ ശുശ്രൂഷയുടെ സത്യങ്ങളെ പരിശോധിക്കാം.

പരിശുദ്ധാത്മാവ് ശക്തിയാൽ നമ്മെ നിറെയ്ക്കുന്നു.

യേശു ശിഷ്യന്മാരോട് പറഞ്ഞത് പരിശുദ്ധാത്മാവിന്റെ ശക്തി നിങ്ങൾ പ്രാപിക്കുമ്പോൾ നിങ്ങൾ യെരുശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും" (പ്രവൃ. 1:8). തന്റെ നിർദ്ദേശപ്രകാരം അവർ പ്രാർത്ഥിച്ചു കാത്തിരുന്നു, പെന്തെക്കോസ്തു ദിനത്തിൽ കർത്താവ് തന്റെ വാഗ്ദത്തപ്രകാരം പരിശുദ്ധാത്മാവിനാൽ അവരെ നിറയ്ക്കുവാനിടയായി. അവർക്ക് ശക്തികൊടുത്തു. കൂടുതൽ ശക്തന്മാരായി, ധൈര്യം പകർന്നുകൊടുത്തു, അവർ കർത്താവ് പറഞ്ഞതുപോലെ ധൈര്യത്തോടെ ശക്തിയോടെ സുവിശേഷം ലോകത്തോട് പറഞ്ഞു.

യേശു തന്നെ ആത്മാവിന്റെ ശക്തിയോടെ ശുശ്രൂഷ ചെയ്തു. ദൈവവചനത്തിന്റെ പദ്ധതിയെ താൻ നടത്തി കാണിച്ചു. "ദരിദ്രന്മാരോട് സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്; ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയക്കുവാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു " (ലൂക്കൊ. 4:18). ആത്മാവിന്റെ ശക്തിയാൽ ഭൂതങ്ങളെ പുറത്താക്കിയപ്പോൾ കർത്താവ് അവർക്ക് അതു കാണിച്ചുകൊടുത്തു. അപ്പോസ്തലനായ പത്രോസ് അതിനെ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. "നസറായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തതും പിശാചു ബാധിച്ചവരെയൊക്കെയും സൗഖ്യമാക്കിയും കൊണ്ട് സഞ്ചരിച്ചതുമായ വിവരം നിങ്ങൾ അറിയുന്നുവല്ലോ ". (പ്രവൃത്തി. 10:38).

നമുക്ക് ഇന്നത്തേക്ക് ഈ ശക്തി ആവശ്യമില്ലേ അത്യന്ത ശക്തി സുവിശേഷത്തെ ശക്തിയോടും ധൈര്യത്തോടും പറയുവാൻ, നന്മ ചെയ്യുവാനും തകർന്ന ഹൃദയങ്ങളെ പീഡിതരെ ശുശ്രൂഷിക്കുവാനും ഈ ശക്തി നമുക്കാവശ്യമില്ലേ? യഹോവയുടെ ആത്മാവിനാൽ ശക്തിയും ന്യായവും വീര്യവും കൊണ്ട് നിറഞ്ഞിരിക്കുന്നു" (മീഖാ. 3:8),അതേ, നമുക്കും ആത്മാവിനാൽ നിറയാം.

പരിശുദ്ധാത്മാവിന്റെ മഹത്വകരമായ ശുശ്രൂഷ

By Rich Carmicheal

പരിശുദ്ധാത്മാവ് സത്യത്തിന്റെ ആത്മാവ് ആണ്, "നമ്മെ സകല സത്യത്തിലും വഴി നടത്തും " (യോഹ. 16:13). അധർമ്മം പെരുകുന്ന ഈ നാളുകളിൽ ജനങ്ങളിൽ സത്യം ആവശ്യമാണ്. അതുപോലെ സൂക്ഷ്മമായ വിവേചനവും ആവശ്യമാണ്. അപ്പോസ്തലനായ പൗലൊസ് അതിനെക്കുറിച്ച് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു, "എന്നാൽ ഭാവികാലത്തു ചിലർ വ്യാജാത്മക്ക

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(3-ാംപേജിന്റെ തുടർച്ച)

പരിശുദ്ധാത്മാവിന്റെ മഹത്വകരമായ ശുശ്രൂഷ

ളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ച് ഭോഷ്ക്ക് പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്ന് ആത്മാവ് തെളിവായി പറയുന്നു” (1തിമൊ. 4:1). യേശുക്രിസ്തു മുന്നറിയിപ്പു നൽകുന്നത്, “കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും എഴുന്നേറ്റ് കഴിയുമെങ്കിൽ വൃതന്മാരെ തെറ്റിപ്പാനായി വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും” (മത്താ.24:24) സത്യത്തിന്റെ ആത്മാവിനെ നമുക്ക് ആവശ്യമാണ്. അത് നമ്മെ സത്യത്തിൽ അടിസ്ഥാനപ്പെടുത്തി കാക്കും. ദൈവത്തിന്റെ സർവ്വായുധവർഗ്ഗം നാം ധരിക്കേണം, അരയ്ക്കു സത്യം കെട്ടിയും, സാത്താന്റെ തന്ത്രങ്ങളോട് എതിർത്തു നില്ക്കണം (എഫെ. 6:11). “ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ” (വാക്യം.17).

നമ്മുടെ നല്ല അധ്യാപകനായി പരിശുദ്ധാത്മാവിനെ നാം നോക്കേണം (യോഹ.14:26, 1യോഹ.2:27). പ്രാകൃത മനുഷ്യന് ആത്മീക സത്യങ്ങളേയും ആത്മീക യാഥാർത്ഥ്യങ്ങളെയും വിവേചിപ്പാൻ സാദ്ധ്യമല്ല, എന്നാൽ പരിശുദ്ധാത്മാവിനാൽ മാത്രം അത് സാധിക്കും. അപ്പോസ്തലനായ പൗലൊസ് എഴുതിയിരിക്കുന്നു, “ നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു; ആത്മാവ് സകലത്തേയും ദൈവത്തിന്റെ ആഴങ്ങളെയും ആരായുന്നു. മനുഷ്യനിലുള്ളത് അവനിലെ മനുഷ്യാത്മാവല്ലാതെ മനുഷ്യരിൽ ആർ അറിയും? അവ്വണ്ണം തന്നെ ദൈവത്തിലുള്ളത് ദൈവാത്മാവല്ലാതെ ആരും ഗ്രഹിച്ചിട്ടില്ല. നാമോ ലോകത്തിന്റെ ആത്മാവിനെ അല്ല,. ദൈവം നമുക്ക് നൽകിയത് അറിവിനായി ദൈവത്തിൽ നിന്നു ള്ള ആത്മാവിനെ അത്രേ പ്രാപിച്ചത് ” (1കൊരി. 2:10-12). കർത്താവു നമുക്കു തന്റെ ആത്മാവിനാൽ നൽകിയ വെളിപ്പാടുകൾക്കായി ദൈവത്തിന് സ്തോത്രം, നാം കർത്താവിനെ അറിയുമാറാകട്ടെ, അവിടുത്തെ വചനത്തെയും അവിടുന്ന് നമുക്കു നൽകിയിരിക്കുന്ന എല്ലാറ്റിനെയും തന്നെ!

പരിശുദ്ധാത്മാവ് ജീവന്റെയും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും പ്രത്യാശയുടെയും ഉറവിടമാണ് യേശുക്രിസ്തു നമുക്കു നൽകുന്ന, ആത്മാവിന്റെ സാന്നിദ്ധ്യത്തിന്റെ മനോഹരമായ ഒരു രൂപ രേഖ നമുക്കുണ്ട്. “ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു നിന്നുകൊണ്ട് ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തിരുവെഴുത്തുകൾ പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്ന് വിളിച്ചു പറഞ്ഞു. ഇത് തന്നിൽ വിശ്വസിക്കുന്നവർക്ക് ലഭിപ്പാനുള്ള ആത്മാവിനെക്കുറിച്ച് ആകുന്നു പറഞ്ഞത്. (യോഹ. 7:37-39). ആ ദിവസത്തെക്കുറിച്ചു യെശയ്യാവ് സമാനമായി പ്രവചിച്ചിരിക്കുന്നു, “ഉയരത്തിൽ നിന്നു ആത്മാവിനെ പകരുവോളം തന്നെ; അപ്പോൾ മരുഭൂമി ഉദ്യാനമായിതീരും; ഉദ്യാനം വനമായി എണ്ണപ്പെടും (യെശ. 32:15). ആ ജീവിത അനുഭവങ്ങൾക്കുവേണ്ടി ആത്മാവിന്റെ ഒരു കവിഞ്ഞൊഴുക്കിനു വേണ്ടി കാത്തിരിക്കേണ്ടാ യോ?

നമ്മുടെ പ്രതികൂലങ്ങളിൽ സന്തോഷത്തോടെ സമാധാനത്തോടെ ജീവിക്കുവാൻ അത് ആവശ്യമല്ലേ? ആത്മാവിന്റെ ഫലത്തിൽ സ്നേഹവും സന്തോഷവും ഉൾപ്പെടുന്നു (ഗലാ. 5:22). ദൈവത്തിന്റെ രാജ്യം, “ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല നീതിയും സമാധാനവും, പരിശുദ്ധാത്മാവിൽ സന്തോഷവും അത്രേ” (റോമ. 14:7). പ്രതികൂല സാഹചര്യങ്ങളിൽ പോലും നമുക്കു ആത്മാവിനാൽ നിറയുവാൻ കഴിയും, “പരിശുദ്ധാത്മാവിന്റെ സന്തോഷത്തോടെ” (1തെസ്സ. 1:6). പ്രത്യാശയുടെ ദൈവം തന്റെ ആത്മാവിനാൽ നമ്മെ നിറയ്ക്കുക എന്നത് എത്ര അത്ഭുകരമാണ്. എന്നാൽ പ്രത്യാശ നൽകുന്ന ദൈവം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധിയുള്ളവരായി വിശ്വസിക്കുന്നതിലുള്ള സകല സന്തോഷവും സമാധാനവും കൊണ്ട് നിങ്ങളെ നിറയ്ക്കുമാറാകട്ടെ.

പരിശുദ്ധാത്മാവ് ദൈവസ്നേഹത്താൽ നമ്മെ നിറയ്ക്കുന്നു. ഈ കാലത്ത് അനേകരുടെ സ്നഹം തണുത്തു പോകുന്നു (മത്തായ 24:12). ദൈവസ്നേഹത്തിൽ നമ്മുടെ ഹൃദയങ്ങളെ കാക്കുവാൻ, പരിശുദ്ധാത്മാവിനെ നമ്മിൽ പകരേണ്ടത് എത്ര ആവശ്യമാണ് (റോമ.5:5). ആത്മാവിന്റെ ഫലങ്ങൾ നമ്മിൽ ഉണ്ടാകേണ്ടതിന് പരിശുദ്ധാത്മാവ് ആവശ്യമാണ്. (ഗലാ. 5:22). പരിശുദ്ധാത്മാവ് നമ്മെ ശുദ്ധീകരിക്കുന്നതുകൊണ്ട്, വിശുദ്ധന്മാർക്ക് പ്രസാദമായിത്തീരേണ്ടതിന് ഞങ്ങൾ മറ്റുള്ളവരെ സ്നേഹിപ്പാനും ശുശ്രൂഷിപ്പാനും കാരണമാകുന്നു. അതെ, ഞങ്ങൾ അത് അറിയുവാൻ കാരണമാവട്ടെ, “ആത്മാവിലുള്ള സ്നേഹം” (കൊലൊ. 1:8).

പരിശുദ്ധാത്മാവ് വിശുദ്ധിയുടെ ആത്മാവ് ആണ്. ഈ ദിവസങ്ങളിൽ അധർമ്മം പെരുകുന്നു. മത്താ. 24:12; (2തിമൊ. 3:1-4), നമ്മിൽ വിശുദ്ധീകരണ പ്രവർത്തികൾ ചെയ്യുന്ന ആത്മാവിന്റെ പ്രവർത്തിക്ക് നാം എത്ര നന്ദിയുള്ളവരായിരിക്കേണ്ടതാണ് (2തെസ്സ. 2:13). നാം അവിടുത്തെ അനുസരിച്ച് നടക്കുന്നതിനാൽ, നിങ്ങൾ ജഡത്തിന്റെ മോഹം നിവർത്തിക്കയില്ല” (ഗലാ. 5:16,), എന്നാൽ നാം കർത്താവിൽ നാം “ ആത്മാവിനാൽ നാം ശരീരത്തിന്റെ പ്രവർത്തികളെ മരിപ്പിക്കുന്നു”. അവിടുന്ന് നമുക്ക് പുതുക്കം തരുന്നു, അകത്തെ മനുഷ്യനെ ശക്തീകരിക്കുന്നു (എഫെ. 3:16). അവിടുത്തെ അനുഗ്രഹിക്കപ്പെട്ട ശുശ്രൂഷയാൽ തന്റെ രൂപത്തോട് നമ്മെ അനുരൂപമാക്കുന്നു (2കൊരി. 3:18).

പരിശുദ്ധാത്മാവ് നമ്മുടെ ബലഹീനതയിലും തുണ നിൽക്കുന്നു. അവ്വണ്ണം തന്നെ ആത്മാവ് നമ്മുടെ ബലഹീനതയ്ക്ക് തുണ നില്ക്കുന്നു. വേണ്ടുംപോലെ പ്രാർത്ഥിക്കേണ്ടത് എന്തെന്ന് നാം അറിയുന്നില്ലല്ലോ (റോമ. 8:26). പ്രാർത്ഥനയ്ക്ക് ശക്തി നൽകുന്നു, “സകല പ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചും കൊണ്ട് സകല വിശുദ്ധന്മാർക്കും എനിക്കും വേണ്ടി പ്രാർത്ഥിപ്പിൻ” (എഫെ.6:18). യൂദാ അപ്പോസ്തലൻ പറയുന്നതുപോലെ ആത്മാവിലുള്ള പ്രാർത്ഥന ദൈവത്തിലുള്ള നമ്മുടെ വിശ്വാസത്തിനും ജീവിതത്തിനും പ്രധാനമാണ് (യൂദാ. 20,21).

പരിശുദ്ധാത്മാവ് തന്റെ ശുശ്രൂഷയിലേക്ക് നടത്തി നമ്മെ ശക്തീകരിക്കുന്നു. നാം ആത്യന്തികമായി പരിശുദ്ധാത്മാവിന്റെ നടത്തിപ്പിൽ ആശ്രയിക്കുന്നു. ആത്മാവ് നടത്തുന്നവർ ദൈവത്തിന്റെ മക്കൾ ആകുന്നു (റോമ. 8:14). ഇത് വിശ്വസിക്കാനാവാത്ത അനുഗ്രഹത്തിലേക്ക് നമ്മെ നടത്തുന്നു. “ ആത്മാവിൽ ജീവിക്കുക”, “ ആത്മാവിൽ നടക്കുക ” (ഗലാ. 5:25) ശുശ്രൂഷയ്ക്ക് ഓരോരുത്തന് അതത് വരം പകർന്നു നൽകുന്നു (1കൊരി. 12:11), അപ്പോ. പ്രവൃ. 13:2; 20:28). ആത്മാവിന്റെ പുതുക്കത്തിൽ വേല ചെയ്യുവാൻ നമ്മെ സഹായിക്കുന്നു (റോമ. 7:6). ആത്മാവിനാൽ നമ്മെ ശക്തീകരിക്കുന്നു (1കൊരി. 2:4; 1തെസ്സ 1:5; 1പത്രൊ. 1:12). ❖

നിങ്ങളിലുള്ള ദൈവത്തിന്റെ ആത്മാവിനാൽ നിങ്ങളുടെ ജീവിതത്തെ അളക്കുക

By Wesley L. Duewel

ദൈവം അളക്കുന്നതുപോലെ നമ്മുടെ ജീവിതത്തെ അളക്കുവാൻ പ്രയാസമാണ്. നിശ്ചയമായിട്ടും, എങ്ങനെയാണ് നമ്മിലുള്ള ആത്മസാന്നിദ്ധ്യം അളക്കുന്നത്, അവിടുന്ന് നമ്മെ നിറെക്കുന്നു, അവിടുന്ന് നമ്മെ ഉപയോഗിക്കുന്നു, വേദപുസ്തകം അതു സൂചിപ്പിക്കുന്നു, അവിടുത്തേക്ക് കഴിയും. വേദപുസ്തകം സാക്ഷീകരിക്കുന്നു, ആളുകൾ പരിശുദ്ധാത്മാവിനാൽ നിറയപ്പെടുന്നു, പരിശുദ്ധാത്മാവിനാൽ നിറയുവിൻ എന്ന് കല്പന ലഭിച്ചിരിക്കുന്നു. (എഫെ. 5:18). നമുക്കു വാഗ്ദത്തം ലഭിച്ചു അതേ ആത്മിക അനുഭവം പെന്തെക്കോസ്തു നാളിൽ കൂടിയിരുന്ന അപ്പോസ്തലന്മാർക്കു ലഭിച്ചു (പ്രവർത്തി. 2:38) . എങ്ങനെ നിങ്ങൾ ആത്മാവിനാൽ നിറഞ്ഞു എന്ന് നിങ്ങളുടെ ജീവിതങ്ങളെ അളക്കുക. എപ്പോഴാണ് ദൈവത്തിന്റെ കരം നമ്മുടമേൽ വന്ന് നമുക്കു അനുഭവമായത് അപ്പോഴാണ് നമ്മുടെ ജീവിതത്തിലും ശുശ്രൂഷയിലും ആത്മസാന്നിദ്ധ്യം അനുഭവമായത്. ഇതു തള്ളിക്കളയാനാവാത്തതാണ്. ഇത് നമ്മെ അത്ഭുതപ്പെടുത്തുന്നില്ല, കാരണം ഇത് പരിശുദ്ധാത്മാവിന്റെ യുഗമാണ്. പരിശുദ്ധാത്മാവ് വന്ന് ക്രിസ്തുവിനു പകരം പ്രവർത്തിക്കുന്നു, ഇത് തന്റെ വീണ്ടെടുപ്പിന്റെ വേലയിൽ പ്രായോഗികമാണ് അത്. നമ്മുടെ വീണ്ടെടുപ്പ് സാദ്ധ്യമാക്കുന്നു.

എല്ലാ ആത്മീക അനുഭവങ്ങളും ജീവദായക ആത്മാവിനാൽ വരുന്നു. ദൈവത്താൽ ജനിക്കുക എന്നു പറഞ്ഞാൽ ആത്മാവിനാൽ ജനിക്കുക എന്നാണ് (യോഹ. 3:3-8). ആത്മീക ജീവിതം അതുവരെ അളക്കപ്പെടുന്നില്ല. "ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവനല്ല" (റോമ. 8:9). അതിന്റെ അർത്ഥം ക്രിസ്തുവിലുള്ളവർക്ക് പരിശുദ്ധാത്മാവ് ഉണ്ട്. ചില ക്രിസ്ത്യാനികൾക്ക് ആത്മാവിന്റെ അളവ് വ്യത്യാസമുള്ളതായികാണാം.

ആത്മാവിന്റെ ആളത്വവും വേലയും

പരിശുദ്ധാത്മാവ് തന്നെ വിശുദ്ധമാണ്, സ്നേഹിക്കുന്ന വ്യക്തി, അനുഗ്രഹിക്കപ്പെട്ട മൂന്നാമത്തെ ആളത്വമാണ്. നമ്മെ ശാന്തമായി മഞ്ഞു പോലെ നമ്മെ പുതുക്കുന്നു. പരിശുദ്ധാത്മാവ് നമുക്ക് ഒരു ഉറവയായി അനുഗ്രഹങ്ങളെ പകരുന്നു. അവിടുന്ന് നിങ്ങളിൽ നദി പോലെ അനുഗ്രഹങ്ങൾ പകരുന്നു. അവിടുന്നു നിങ്ങളെ വേർതിരിച്ച് അഭിഷേകം ചെയ്യുന്നു, പഴയനിയമത്തിൽ പ്രവാചകന്മാരെ ആത്മാവ് അഭിഷേകം ചെയ്തിട്ടുണ്ട്. പരിശുദ്ധാത്മാവ് തന്റെ വിശുദ്ധിയാൽ ശുദ്ധീകരിക്കുന്നു (1തെസ്സ. 5:23). ആത്മാവിന്റെ എരിവോടെ കത്തുന്നു, ആത്മഭാരം ഉള്ളിൽ തരുന്നു. പരിശുദ്ധാത്മാവ് എല്ലാ കാര്യവും ഭംഗിയായും ചന്തമായും ചെയ്യുന്നു.

എന്നാൽ ഒരു മഹത്തായ യാഥാർത്ഥ്യം എന്നത്, അവൻ നമ്മിൽ അധിവസിക്കുന്ന ആന്തരിക കൂട്ടുകാരനാണ്. ആലോചനക്കാരൻ, വഴികാട്ടി, സഹായകൻ, നമ്മുടെ കർത്താവ്. നമ്മുടെ ഹൃദയങ്ങളിൽ വീണ്ടെടുപ്പിൻ കൃപയെ യാഥാർത്ഥ്യമാക്കുന്നു, വിശുദ്ധ ജീവിതത്തിനും വേലയ്ക്കും നമ്മെ ഒരുക്കുന്നു, വിശുദ്ധ ജീവിതത്തിനുവേണ്ടി നമ്മെ ശക്തീകരിക്കുന്നു, ശക്തിയുടെ വേലയ്ക്കും ആത്മിക യുദ്ധത്തിനും നമ്മെ ഒരുക്കുന്നു.

നിങ്ങൾ ഒരു വിശ്വാസി എന്ന നിലയിൽ നമ്മെ ഏകാഗ്രമാക്കുന്നു, നമ്മെ ശുദ്ധീകരിക്കുന്നു, നമ്മെ കഴുകുന്നു (യോഹ. 17:17), പ്രവൃത്തി. 15:8,9, 2 തെസ്സ. 2:13), നിറെയ്ക്കുന്നു പ്രവൃത്തി. 2:4, 39, എഫെ. 5:18). ക്രിസ്തുവിന്റെ കർതൃത്വത്തെ നമ്മിൽ അനുഭവമാക്കി, നമ്മുടെ മുഴു ജീവിതത്തെ ശക്തിപ്പെടുത്തി, നമ്മെ വിജയികളാക്കി, ശക്തീകരിച്ച്, കർതൃസേവയ്ക്കായി നമ്മെ ഉപയോഗിക്കുന്നു. (ലൂക്കൊ. 24:49; പ്രവൃ. 1:8).

ആത്മാവ് സ്വാതന്ത്ര്യം നൽകുന്നു, കവിഞ്ഞൊഴുകുന്ന അനുഗ്രഹങ്ങൾ നൽകുന്നു, ക്രിസ്തുവിനെ പോലെയാക്കുന്നു, മനോഹരങ്ങളായ ക്രിസ്തീയ ഫലങ്ങൾ നമുക്കു നൽകുന്നു (റോമി. 8:23; ഗലാ. 5:22,23). ഇതു കൂടുതൽ കൂടുതൽ ക്രിസ്തുവിനെപ്പോലെയാക്കിത്തീർക്കുന്നു. നിങ്ങളുടെ സ്വയസമർപ്പണത്തെ പൂർണ്ണമാക്കുന്ന, പുതിയ വേലയ്ക്കു വേണ്ടി നിങ്ങളെ ശക്തീകരിക്കുന്നു. അവിടുന്ന് നിങ്ങളെ വഴി കാട്ടുന്നു (റോമ. 8:14; യെശ. 58:11). അവിടുന്ന് നിങ്ങളുടെ ആലോചനക്കാരൻ (യോഹ. 14:26). അവിടുന്ന് നമ്മെ വഴി നടത്തി, പ്രാർത്ഥനയിൽ നമ്മെ ശക്തീകരിക്കുന്നു (റോമ. 8:26,27). അവിടുന്ന് നിങ്ങളുടെ ശക്തനായ സഹായകൻ (യോഹ. 14:26). അവിടുന്ന് നിങ്ങളെ അഭിഷേകം ചെയ്യുന്നു (2കൊരി. 1:21,22; 1യോഹ. 2: 20,27).

ദൈവമക്കൾ എന്നത് ഒരു ഉന്നത പദവിയാണ്. നമ്മിൽ വസിച്ചും നിറെച്ചു, പരിശുദ്ധാത്മാവിനാൽ നമ്മെ ശക്തീകരിച്ചു. ഒരിക്കൽ നമ്മെ പൂർണ്ണമായി സമർപ്പിച്ചു. അത് നമ്മെ ശുദ്ധീകരിച്ച് നിറയ്ക്കുവാൻ കാരണമാക്കുന്നു, അവിടുത്തെ കരത്തിൽ ആയിരുന്നു അവടുത്തെ സേവ ചെയ്യുമ്പോൾ നമുക്ക് വീണ്ടും വീണ്ടും നിറയുവാൻ ഇടയാകുന്നു. "ചോദിക്കുക, എന്നാൽ നിങ്ങൾക്ക് കിട്ടും" (ലൂക്കൊ. 11:13).

ശ്രദ്ധയോടുകൂടിയ വിലയിരുത്തൽ

ജീവിതത്തെ അളക്കുക, നിങ്ങളുടെ ജീവിതത്തെ വിലയിരുത്തുക. നിങ്ങളുടെ വിളിയെ അനുസരിച്ച് പൂർണ്ണമായി എങ്ങനെയാണ് ജീവിക്കുന്നത്. യേശു നൽകുന്ന ആത്മാവ് വീണ്ടും വീണ്ടും ശുദ്ധീകരിക്കുന്നു. (1തെസ്സ. 5:23,24). ശുദ്ധീകരണത്തിന് എങ്ങനെയാണ് പൂർണ്ണമായി നിങ്ങളെ വിധേയപ്പെടുത്തുന്നത്?

അനേക പാട്ടുകൾ ഈ അനുഗ്രഹിക്കപ്പെട്ട യാഥാർത്ഥ്യത്തെ വിശദീകരിക്കുന്നുണ്ട്. ചാൽസ് വെസ്ലി ഇങ്ങനെ എഴുതുന്നു.

അതെ, എന്നിൽ ആ തീ ഉണ്ട്
അതു ഇപ്പോൾ എന്നിൽ കത്തുവാൻ തുടങ്ങുന്നു;
അത് എന്നിലുള്ള മാലിന്യങ്ങളെ കത്തിക്കുന്നു.
കുന്നുകളെ അലിയിച്ച് ഒഴുക്കുമാറാക്കുന്നു.
ശുദ്ധീകരിക്കുന്ന അഗ്നി,
എന്റെ ഹൃദയത്തിലൂടെ വ്യാപരിച്ചു,
എന്റെ ആത്മാവിനെ പ്രകാശിക്കേണമേ
അവിടുത്തെ ജീവൻ പകരുക, ഓരോ ഭാഗങ്ങളിലും വിശുദ്ധിക്ക് പൂർണ്ണമായി.

ശുദ്ധീകരണത്താൽ ജീവിതത്തെ അളക്കുക, കത്തുന്ന തീയായി നിങ്ങളിൽ വസിക്കുന്ന പരിശുദ്ധാത്മാവിനാൽ തന്നെ. വിശുദ്ധീകരണത്തനു പൂർണ്ണമായി സമർപ്പിക്കുവാൻ നിങ്ങൾക്കു കഴിഞ്ഞിട്ടുണ്ടോ? ആത്മാവിന്റെ നിറവിനനുസരിച്ച് ജീവിതത്തെ അളക്കുക, ആത്മാവിന്റെ സാന്നിദ്ധ്യം ഒരു ചെറിയ അളവിൽ മാത്രമാണോ നിങ്ങളിൽ വ്യാപരിക്കുന്നത്? ആത്മാവിന്റെ സാന്നിദ്ധ്യം നിങ്ങളിൽ നിറയുന്നു, നിറഞ്ഞു കവിയുന്നു എന്നുള്ള നിങ്ങളെക്കുറിച്ചുള്ള സാക്ഷ്യം സത്യമാണോ? ധാരാളം ആത്മാവിന്റെ ഫലങ്ങൾ നിങ്ങളുടെ ജീവിതത്തിൽ ഉണ്ടാകുന്നതിനാൽ ജീവിതത്തെ അളക്കുക. ആത്മാവിന്റെ ഫലങ്ങൾ നിങ്ങളുടെ ജീവിതത്തിൽ സ്ഥിരമായി കാണ

(ശേഷം 7-ാം പേജിൽ)

ഏകാഗ്രതയുടെ ഒരു ഉടമ്പടി

By James Gilchrist Lawson

ക്രിസ്മസ് ഇവാൻസ്, പല പ്പോഴും അദ്ദേഹം " വെ യിൽ സിലെ ജോൺബനിയൻ " എന്നു വിളിക്കപ്പെടുന്നു, വർഷങ്ങൾ പ്രസംഗിച്ച ശേഷം കർത്താവുമായി ഏ റ്റവും അടുത്തു കൂട്ടായ്മ ആചരിക്കേണം എന്ന ലക്ഷ്യ ത്തോടെ ആയിരുന്നു. ഈ മഹത്തായ ഉദ്ദേശ ലക്ഷ്യത്തി നുവേണ്ടി പ്രാർത്ഥിച്ചുകൊ ണ്ടിരുന്നു, അദ്ദേഹത്തിന്റെ വാക്കുകൾ.

" ഞാൻ ക്ഷീണിതനും ക്രിസ്തുവിനോടുള്ള ബന്ധ ത്തിൽ തണുത്ത ഹൃദയമുള്ള വനും ആയിരുന്നു. പ്രായ ശ്ചിത്ത മരണത്തിൽ, ആത്മാ വിന്റെ പ്രവൃത്തിയിൽ പ്രസം ഗിക്കുന്നു എങ്കിലും ഒരു ത ണുത്ത അനുഭവമായിരുന്നു, രഹസ്യ പ്രാർത്ഥനയിൽ, എ ന്റെ പഠിത്തത്തിൽ, പ്രാർത്ഥ നയിൽ, എന്റെ ഹൃദയം കഠി നപ്പെട്ടിരുന്നു, ആത്മാവിലും ഞാൻ ക്ഷീണിച്ചിരുന്നു. ഞാൻ പ്രാർത്ഥനയ്ക്കായി നിർബ്ബന്ധിക്കപ്പെട്ട് യേശു വിന്റെ നാമത്തിൽ പ്രാർത്ഥി ക്കുമ്പോൾ, പെട്ടെന്ന് ചങ്ങല കൾ അഴിഞ്ഞു വീഴുന്നതായി തോന്നി. പർവ്വതം കണക്കേ മഞ്ഞു എന്നിൽ നിന്നും ഉരുകി മാറുന്നതുപോലെ അനുഭവപ്പെട്ടു. പരിശുദ്ധാ ത്മാവിന്റെ വാഗ്ദത്തത്തെക്കു റിച്ച് ഉറപ്പ് എനിക്ക് അനുഭവ പ്പെട്ടു. ഒരു വലിയ വിടുതൽ എനിക്കനുഭവപ്പെട്ടു. കണ്ണു നീർ ധാരയായ് ഒഴുകി, ഉച്ച ത്തിൽ കരയാൻ തുടങ്ങി. ദൈവിക ദർശനത്തനായി പ്രാർത്ഥിച്ചു, രക്ഷയുടെ സന്തോഷത്തിന് വേണ്ടി, എന്റെ കീഴിലുള്ള സഭക ളിലും ഒരു ദൈവിക സന്ദർശ നത്തിനായി പ്രാർത്ഥിച്ചു. അങ്ങനെ പൂർണ്ണമായി എ ന്നെ ദൈവത്തിനായി ഏല്പി ച്ചുകൊടുത്തു. അദ്ദേഹം, ദേഹി, ആത്മാവ്, താലന്തുകൾ പ്രവർത്തനങ്ങൾ എന്റെ മുഴു ജീവിതം എല്ലാ ദിവസവും എന്റെ ജീവിത്തിൽ ശേഷി ക്കുന്ന ഓരോ മണിക്കൂറു കളും ഞാൻ ആശ്രയി ക്കുന്ന ക്രിസ് തുവിന്റെ കര ങ്ങളിൽ ഏല്പിച്ചു.

" അതിനുശേഷമുള്ള ആദ്യ ആരാധനകൾ എനി ക്കനുഭവപ്പെട്ടു, എല്ലാ തണു ത്ത അനുഭവങ്ങളും എല്ലാ മടുപ്പുകളും നീങ്ങി വാഗ്ദ ത്ത ദേശത്തിന്റെ പ്രത്യാ ശയ്ക്ക് വഴി മാറുന്നതായി അനുഭവപ്പെട്ടു. ഞാൻ വീട്ടി ലേയ്ക്ക് മടങ്ങി വന്നപ്പോൾ, ഒന്നാമത്തെ കാര്യം എന്നത്, ആംഗ്ലേസിയയിലുള്ള സ ഹോദരന്മാർക്ക് ആത്മാ വിന്റെ പ്രവർത്തികൾ ത ന്നെ അടയാളമായിരുന്നു, പ്രത്യേകിച്ച് ഡീക്കന്മാരായ രണ്ട് സഹോദരങ്ങൾക്ക് പ്രത്യേകമായി ആത്മാവിന്റെ കരുണയുടെ സന്ദർശനം ഉണ്ടായിരുന്നു, കൃപയുടെ വചനത്താൽ പാപികളുടെ മാനസാന്തരത്തിന് കാരണ മാകുന്നു.

വെയിൽസിൽ ആക മാനം ഒരുണർവ്വുണ്ടായി. ആത്മശക്തിയിലെ പ്രസംഗ ങ്ങൾ, സ്വർഗ്ഗീയ ശ്വാസോ ച്ഛ്വോസങ്ങൾ, കണ്ണുനീർ, സ് തുതികൾ, പാപികളുടെ ദൈ വത്തിങ്കലേക്കുള്ള മടങ്ങിവ രവ് എല്ലാം ഇവാൻസിന്റെ മീറ്റിംഗുകളുടെ പ്രത്യേകത യായിത്തീർന്നു, ഈ പരിശു ദ്ധാത്മാവിന്റെ അഭിഷേക ത്തെക്കുറിച്ച് ക്രിസ്മസ് ഇവാൻസ് തന്റെ " ദൈവവു മായുള്ള വിശുദ്ധ ഉടമ്പടി" യിൽ ഇങ്ങനെ എഴുതി.

ദൈവവുമായിട്ടുള്ള ഉട മ്പടി

ഞാൻ എന്റെ ആത്മാവി നെയും അവിടുത്തെ കരങ്ങ ളിൽ തരുന്നു, സത്യ ദൈവം, യേശു, നിത്യജീവൻ, പാപ ത്തിൽ നിന്നും എന്നെ വീ ണ്ടെടുക്കുന്നവൻ, നിത്യ മായ മരണത്തിൽ നിന്നും വിടുവിക്കുന്നവൻ, നിത്യജീ വങ്കലേക്കു എന്നെ നടത്തു ന്നവൻ ആമേൻ.

ഞാൻ ദിവസത്തെ വിളി ച്ചു, സൂര്യൻ, ഭൂമി, വൃക്ഷ ങ്ങൾ, എല്ലാം സാക്ഷ്യവു മായി ഞാൻ അവിടുത്തെ സന്നിധിയിലേക്ക് വരുന്നു, പാപികളുടെ വീണ്ടെടുപ്പുകാ രൻ, നിത്യദണ്ഡനത്തിൽ നിന്നും പാപത്തിന്റെ ഭയങ്ക രതകളിൽ നിന്നും എന്റെ ആത്മാവ് വിടുതൽ പ്രാപിച്ച് വിശ്രാമം പ്രാപിക്കട്ടെ. ആ മേൻ.

ഞാൻ അവിടുത്തെ ശ ക്തിയാലുള്ള ഉറപ്പു പ്രാപി ക്കട്ടെ, അവിടുത്തെ കൈക ളുടെ പ്രവൃത്തിയെ അവി ടുത്തെ സേവിക്കുവാൻ അ വിടുത്തെ കരങ്ങളിൽ ഏ ല്പിക്കുന്നു, ദൈവമേ ഒരു പരിച്ഛേദനയുള്ള ഹൃദയം എനിക്ക് നൽകേണമേ. അ ങ്ങയെ സ്നേഹിക്കുവാൻ നിന്റെ ശരിയായ ആത്മാവി നാൽ എന്നെ താങ്ങേണമേ, ഞാൻ അവിടുത്തെ മഹത്വം അന്വേഷിക്കട്ടെ. ന്യായവിധി ദിവസത്തിൽ എന്നെ അവി ടുത്തെ സ്വന്തമാക്കി തീർ ക്കുന്ന പ്രമാണം എനിക്കു നൽകേണമേ. ഞാൻ ലജ്ജി ച്ചു പോകാതെ, എന്റെ കുറ വുകളെ കണ്ടുപിടിക്കുവാൻ എന്നെ സഹായിക്കേണമേ. ആമേൻ.

ഞാൻ എന്നെ അങ്ങ യ്ക്കു വേണ്ടി സമർപ്പിക്കു ന്നു, യേശുവേ, കരുണ ചെ യ്യേണമേ, അവിടുത്തെ മര ണത്താൽ, അവിടുത്തെ ര ക്തം എന്നെ കഴുകുന്നു എ ന്നുള്ള ഉത്സാഹത്താൽ; അവിടുത്തെ നീതിയിൽ എന്നെ നിതീകരിക്കുന്നു; അവിടുത്തെ വീണ്ടെടുപ്പ് എന്നെ വിടുവിക്കുന്നു. അവി ടുത്തെ രക്തത്താലുള്ള വിശ്വാസത്താൽ എന്നെ സ മർപ്പിക്കുന്നു. അവിടുത്തെ കൃപയിൽ ഒരു ഭാഗമായി അവിടുത്തെ നാമത്തിനുവേ ണ്ടി സമർപ്പിക്കുന്നു. അവി ടുന്ന് ഞങ്ങൾക്കായി ഏല് പിച്ചു തന്നുവല്ലോ. ആമേൻ.

അതെ യേശുവേ, ജീവി ക്കുന്ന ദൈവത്തിന്റെ പു ത്രാ, അവിടുത്തെ ക്രൂരമര ണത്താൽ എന്റെ സമയം, എന്റെ ബലം, എന്റെ താല ന്തുകളും എന്റെ നേട്ടങ്ങ ളും, ഹൃദയത്തിന്റെ പൂർണ്ണ തയോടെ ലോകത്തിൽ സ്ഥാപിക്കുന്ന ദൈവരാജ്യ ത്തിന്റെ മഹത്വത്തിനുവേ ണ്ടി ഞങ്ങളുടെ ജീവിത ങ്ങളെ ഏല്പിക്കുന്നു. അവി ടുന്ന് മനുഷ്യരുടെ ഹൃദയ ങ്ങൾക്കും താലന്തുകൾ ക്കും കാരണഭൂതൻ. ആമേൻ.

ഞാൻ ആഗ്രഹിക്കുന്നു. എന്റെ മഹാപുരോഹിതാ, ഉറപ്പായി, അവിടുത്തെ നീ തി ന്യായക്കോടതികളിൽ നിന്നുള്ള അവിടത്തെ അധി കാരത്താൽ ഒരു പ്രസംഗ കൻ എന്ന നിലയിൽ എന്നെ ഉപയോഗിക്കുന്നു ഒരു ക്രി സ്ത്യാനി എന്ന നിലയിൽ എന്നെ ഉപയോഗിക്കുന്നു, ഒരു ക്രിസ്ത്യാനി എന്ന നില യിൽ രണ്ട് തോട്ടങ്ങളുണ്ട്. പാപം എന്റെ ഹൃദയത്തിൽ സ്ഥാനം പിടിക്കരുതേ, അത് നീതിയിലുള്ള എന്റെ ഉറ പ്പിനു മങ്ങലേല്പിക്കരുതേ, ഒരു മായത്തരത്തിലേക്കും എന്നെ പിന്തിരിപ്പിച്ച് എന്റെ വരങ്ങൾക്ക് മങ്ങലേല്പി ക്കുവാൻ ഇടയാകരുതേ, എന്റെ അവസാനത്തിൽ ഞാൻ ഉപയോഗമില്ലാത്തവ നായിത്തീരുവാൻ ഇടയാവ രുതേ. അവിടുത്തെ കൃപ യുടെ കണ്ണുകൾ അടിയ നോട് കൂടെയിരിക്കേണമേ, എന്നെ പരിപാലിക്കേണമേ. കർത്താവേ എല്ലാ നാളും ആമേൻ.

അവിടുത്തെ ഉദ്ദേശത്തി നായി അടിയനെ സമർപ്പി ക്കുന്നു, രക്ഷകനായ യേശു

(ശേഷം 8-ാംപേജിൽ)

(5-ാംപേജിന്റെ തുടർച്ച)

നിങ്ങളിലുള്ള ദൈവത്തിന്റെ.....ജീവിതത്തെ അളക്കുക

പ്പെടുന്നുണ്ടോ? സ്നേഹം, സന്തോഷം, സമാധാനം, ദയ, പരോപരകാരം, നന്മ, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം (ഗലാ. 5:22,23). എന്നിവയിൽ ഏതെങ്കിലും നിങ്ങളുടെ ജീവിതത്തിൽ ഇല്ലാതെ പോയിട്ടുണ്ടോ?

അടുത്ത വാക്യത്തിൽ ക്രൂശിക്കപ്പെട്ട ജീവിതത്തെക്കുറിച്ച് പൗലൊസ് വിശദീകരിക്കുന്നത്. "ക്രിസ്തുയേശുവിലുള്ളവർ ജഡത്തെ അതിന്റെരാഗമോഹങ്ങളോടുകൂടെ ക്രൂശിച്ചിരിക്കുന്നു". ക്രൂശിക്കപ്പെട്ടിരിക്കുന്ന സ്വഭാവത്തിന് മാത്രമേ അനിഷേധ്യ ഫലങ്ങൾ ഉളവാക്കുവാൻ കഴിയൂ. നിങ്ങൾ ക്രൂശിക്കപ്പെട്ടരിക്കുന്നുവോ? പൗലൊസ് ഇതിനെ അല്പം കൂടെ കൂട്ടിച്ചേർത്തു പറയുന്നു, ആത്മാവിനാൽ നാം ജീവിക്കുന്നു എങ്കിൽ ആത്മാവിനെ അനുസരിച്ചു നടക്കയും ചെയ്യുക (വാക്യം25). ദൈവത്തിന് ആത്മിക ഫലങ്ങൾ പുറപ്പെടുവിച്ച് അവിടുത്തോടുകൂടെ നടക്കുവാൻ ഈ ക്രൂശിക്കപ്പെട്ട ജീവിതം സഹായിക്കുന്നു.

ആത്മനിറവ് നിങ്ങളിൽ വ്യാപരിച്ച് ശക്തിപ്പെട്ട് പൂർണ്ണമായി നിങ്ങളെ ശക്തീകരിച്ച് നിങ്ങളെ ഉപയോഗിക്കുന്നു. ആത്മാവിന്റെ ഫലങ്ങൾ നിങ്ങളുടെ ആത്മനിറവിന്റെ വെളിപ്പാടുകളാണ്, അവ നിങ്ങളെ പൂർണ്ണമായി നിറച്ച് നിങ്ങളെ ഉപയോഗിക്കുന്നു. നിങ്ങളുടെ പ്രാകൃത സ്വഭാവങ്ങളിൽ ദൈവത്തിന്റെ ആത്മാവിനെ പകരുകയില്ല. അവിടുന്ന് നമ്മെ സ്നേഹിക്കുന്നു. തന്റെ ശക്തിയുടെ അളവിനെ നമ്മിൽ കൂട്ടിവയ്ക്കുന്നില്ല, എന്നാൽ അവിടുന്ന് സ്നേഹമാണ്. അവിടുന്ന് സർവ്വശക്തനായവൻ, അവിടുത്തെ ശക്തി നമ്മിൽ വെളിപ്പെടുത്തി, നമ്മെ ശക്തീകരിച്ച് വിശുദ്ധ ജീവിതത്തിനും ദൈവവേലയ്ക്കുമായി നമ്മെ ശക്തീകരിക്കുന്നു. അവിടുന്ന് ഒരു പ്രത്യേക അളവിലുള്ള വിശുദ്ധി നമ്മിൽ പകരുന്നില്ല. അവിടുന്ന് പരിശുദ്ധനായവൻ, അവിടുത്തെ വിശുദ്ധി നമ്മിൽ പകർന്ന് വിശുദ്ധ ജീവിതത്തിന് വേണ്ടി നമ്മെ ശക്തീകരിക്കുന്നു.

ദൈവത്തോടുള്ള നിങ്ങളുടെ പ്രതികരണത്തിന്റെ വെളിച്ചത്തിൽ നിങ്ങളുടെ ജീവിതത്തെ അളക്കുക. ദൈവത്തോടുള്ള നിങ്ങളുടെ ദാഹത്തിന്റെ വെളിച്ചത്തിൽ നിങ്ങളുടെ ജീവിതത്തെ അളക്കുക. നീതിക്ക് വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ, അവരെ നിറയ്ക്കും (മത്താ. 5:6;യെശ. 55:1,2). നിങ്ങൾ എത്രത്തോളം ദാഹിക്കും, അത്രത്തോളം നിങ്ങളെ നിറയ്ക്കുവാൻ കഴിയും. ദൈവസാന്നിദ്ധ്യത്തിനുവേണ്ടി എത്ര ആഴമായി ദാഹിക്കുന്നു എന്ന് നിങ്ങളുടെ ജീവിതത്തെ അളക്കുക, ദൈവസാന്നിദ്ധ്യത്തിനും ദൈവയിഷ്ടത്തിനുംവേണ്ടി യഥാർത്ഥമുള്ള നിങ്ങളുടെ വാഞ്ഛയെ അറിയുക. എത്രത്തോളം നിങ്ങളുടെ ഹൃദയം ദൈവത്തിനായി ദാഹിക്കുന്നു, എന്നതിനാൽ നിങ്ങളുടെ ആഗ്രഹങ്ങളെ മരിപ്പിക്കുവാൻ ഇടയാകുന്നു.

നിങ്ങൾ പൂർണ്ണമായി സമർപ്പിച്ചിരിക്കുന്നു എന്ന നിലയിൽ ജീവിതത്തെ അളക്കുക. എത്രത്തോളം ദൈവത്തെ ജീവിതത്തിൽ പ്രവർത്തിക്കുവാൻ നിങ്ങളെ അനുവദിക്കുന്നു എന്നു നോക്കുക. എത്രത്തോളം നിങ്ങളെ സമർപ്പിക്കുമോ അത്രയും നമ്മിൽ വസിക്കുവാൻ ഇടയാകും. പൂർണ്ണജാഗ്രതയോടെ ദൈവസന്നിധിയിൽ സമർപ്പിക്കുമ്പോൾ, ആ സമർപ്പണത്തിൽ സ്ഥിരമായി നിലകൊള്ളുന്നു എന്ന നിലയിൽ ജീവിതത്തെ അളക്കുക. ദൈവത്തിന്റെ ഇഷ്ടം അംഗീകരിക്കുന്നതിൽ നമ്മുടെ സന്തോഷം, നമ്മെക്കാളുപരി ദൈവത്തിന്റെ ഇഷ്ടത്തിനായുള്ള നിങ്ങളുടെ ദാഹവും അനുസരിച്ച് നിങ്ങളുടെ ജീവിതത്തെ അളക്കുക. നിങ്ങളുടെ സ്വയനിറവുകളുടെ വെളിച്ചത്തിൽ നിങ്ങളുടെ ജീവിതത്തെ അളക്കുക.

ദൈവത്തോടുള്ള നമ്മുടെ കൃത്യത, സ്ഥിരത, അനുസരണം എന്നിവയാൽ നിങ്ങളുടെ ജീവിതത്തെ അളക്കുക. അനുസരണത്തിലുള്ള സ്ഥിരത അനുസരണത്തിൽ നമുക്കുള്ള സന്തോഷം. തന്നെ അനുസരിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ നൽകുന്നു. എത്രത്തോളം പൂർണ്ണമായി അനുസരിക്കുന്നുവോ അത്രത്തോളം പൂർണ്ണമായി നിറയ്ക്കുകയും നിങ്ങളിലൂടെ പ്രവർത്തിക്കയും ചെയ്യുന്നു. നിങ്ങളുടെ അനുസരണത്തിനാൽ നിങ്ങളുടെ ആത്മാവിന്റെ പൂർണ്ണതയെ അളക്കുക.

നിങ്ങളിൽ നിങ്ങളിലൂടെ പ്രവർത്തിക്കുന്ന ആത്മാവിനാൽ നിങ്ങളുടെ ജീവിതത്തെ അളക്കുക. എത്ര പൂർണ്ണതയോടെയാണ് അവിടുത്തെ താഴ്മയെ പ്രസിദ്ധമാക്കുക എന്ന നിലയിൽ ജീവിതത്തെ അളക്കുക. നിങ്ങളുടെ ഒന്നുമില്ലായ്മ നിങ്ങൾക്ക് തോന്നുന്നുണ്ടോ? സ്വയ ആശ്രയം നിങ്ങൾക്ക് തോന്നുണ്ടോ? അവിടുത്തെ വിശുദ്ധിയിൽ ഇതിനെ അളക്കുക. ജഡിക ആഗ്രഹങ്ങളുടെയും വികാരങ്ങളുടെയും അഭാവം യഥാർത്ഥമായി നിങ്ങൾ അനുഭവിക്കുന്നുണ്ടോ? ആത്മാവ് എങ്ങനെയാണ് സ്ഥിരമായി നിങ്ങളിൽ, നിങ്ങളിലൂടെ സന്തോഷിക്കുന്നു എന്നതിനാൽ നിങ്ങളുടെ ജീവിതത്തെ അളക്കുക, എത്ര ആഴമായി അവിടുത്തെ ദയ നിങ്ങളിൽ വസിക്കുന്നു, എത്ര ക്ഷമയോടുകൂടെ അവിടുന്നു ദയ നിങ്ങളിൽ വസിക്കുന്നു, എത്ര ക്ഷമയോടുകൂടെ അവിടുന്നു നിങ്ങളിലൂടെ സഹിക്കുന്നു എന്നതിനാൽ ജീവിതത്തെ അളക്കുക.

സ്ഥിരമായ ദൈവിക നടത്തിപ്പു ഉണ്ടായിരിക്കുന്നതിനാൽ നിങ്ങളുടെ ജീവിതത്തെ അളക്കുക. സംസാരത്തിൽ, പ്രാർത്ഥനയിൽ, സാക്ഷ്യത്തിൽ, ആത്മാക്കളെ നേടുന്നതിൽ, അനുദിന ജീവിതത്തിൽ ചെറുതും വലുതുമായ തീരുമാനമെടുക്കുന്നതിൽ, നിങ്ങളുടെ പ്രവർത്തനത്തിൽ എത്ര സ്ഥിരമായ അഭിഷേകമാണ് നിങ്ങളുടെമേൽ പകർന്ന് വഴി നടത്തുന്നത് എന്നോർത്ത് നിങ്ങളുടെ ജീവിതത്തെ അളക്കുക, പ്രാർത്ഥനയിൽ ശക്തി തരുന്നു, സംസാരത്തിൽ, എഴുത്തിൽ ഒരു പുതുക്കം തരുന്നു, സംസാരങ്ങളിലും ദൂതുകളിലും ദൈവസാന്നിദ്ധ്യം പകർന്നു തരുന്നു, സാക്ഷിപ്പാനും ദൂതുകളിലും ദൈവശക്തി പകരുന്നു, ജീവിതത്തിന്റെ ശുശ്രൂഷയുടെ എല്ലാ പ്രവർത്തനങ്ങളേയും അനുഗ്രഹിക്കുന്നു.

ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മിൽ വസിച്ചുകൊണ്ട് തന്റെ മഹത്വം വെളിപ്പെടുത്തുന്നു, തന്റെ ജീവിതം, തന്റെ സ്നേഹം, തന്റെ വിശുദ്ധി, തന്റെ തിളക്കം, തന്റെ ശക്തി എന്നിവയുടെ നിറവിൽ ജീവിതത്തെ അളക്കുക. ജീവിതത്തിൽ വരുത്തുന്ന സ്വാതന്ത്ര്യം, ദൈവത്തിന്റെ കരം കൂടെയിരുന്ന് ജീവിതത്തിലും ശുശ്രൂഷയിലും പുതുക്കം തരുന്നു എന്ന നിലയിൽ ജീവിതത്തെ അളക്കുക. ദൈവം നിങ്ങളെ നിറെച്ച് ഉപയോഗിക്കുന്നു എന്നതിന്റെ വെളിച്ചത്തിൽ ജീവിതത്തെ അളക്കുക.

നിങ്ങൾ സ്വയത്തിൽ നിന്നും ചെയ്യുന്നതിനെക്കാളും എത്ര അത്ഭുതകരമായിട്ടാണ് നിങ്ങളിൽ വസിച്ച് നിങ്ങളിലൂടെ തന്റെ പ്രവൃത്തികൾ അവിടുന്ന് ചെയ്തെടുക്കുന്നത് എന്നോർക്കുക. തന്റെ ഉദ്ദേശം നമ്മിൽ സ്ഥാപിച്ച്, നമ്മെ വീണ്ടെടുത്തു, എത്ര അത്ഭുതകരമായി നമ്മിൽ വസിച്ച് തന്റെ പ്രവൃത്തി ചെയ്യുന്നത്. നമ്മുടെ ജീവിതത്തെ അളക്കുന്നത് വില കുറഞ്ഞ നമ്മെ കുഴപ്പിക്കുന്ന ഭൗതികമായ അളവുകളാലല്ല, നമ്മിൽ വസിച്ചു പ്രവർത്തിക്കുന്ന ഐശ്വര്യമായി നമ്മെ നടത്തുന്ന ദൈവത്തിന്റെ പരിശുദ്ധാത്മാവിലാണത്രെ. ❖

(2-ാംപേജിന്റെ തുടർച്ച)

ഉയരത്തിൽ നിന്നുള്ള ശക്തി

യതും നികൃഷ്ടവുമായതും ഏതുമില്ലാത്തതും തെരെഞ്ഞെടുത്തു. ദൈവസന്നിധിയിൽ ഒരു ജഡവും പ്രശംസിക്കാതിരിക്കേണ്ടതിനു തന്നെ" (1കൊരി. 1:26-29).

ഈ രണ്ട് സമൂഹങ്ങളിലും ദൈവം തന്റെ പരിശുദ്ധാത്മാവിനെ പകർന്നു, ഉയരത്തിലെ ശക്തിയാൽ നിറെച്ചു. ഉടനെ ഈ പൊതുവേ ഭയമുള്ളവരും ക്ഷീണിതയായ ഇവർ ജ്വലിക്കുന്ന സുവിശേഷകരായിത്തീർന്നു. പ്രകൃത്യാതീതമായ ജ്ഞാനവും ശക്തിയും അവരുടെമേൽ വന്നു. ആർക്കും എതിർക്കുവാൻ കഴിയാത്ത "നാവും ജ്ഞാനവും" ശക്തിയും അവരുടെമേൽ വന്നു. പ്രതികൂലങ്ങളും പീഢകളും യെരുശലേമിൽ നിന്നും അവരെ ചിതറിച്ചുകളഞ്ഞു. എന്നാൽ അവരെ ശാന്തരാക്കുവാനോ അവരുടെ സാക്ഷ്യത്തെ തടയുവാനോ ആർക്കും കഴിഞ്ഞില്ല. " ചിതറിപ്പോയവർ വചനം സുവിശേഷിച്ചും കൊണ്ട് അവിടവിടെ സ,ഞ്ചരിച്ചു" (പ്രവൃ. 8:4).

മൊറേവിയൻ സഹോദരന്മാർക്കും ഇതേ അനുഭവമായിരുന്നു. ജോൺ ഹസ് തുടങ്ങിയുള്ള ദൈവദാസന്മാർ പീഢകളിലൂടെ കടന്നുപോയി. അനേകർ തങ്ങളുടെ രക്തംകൊണ്ട് അവരുടെ വിശ്വാസത്തെ ഉറപ്പിച്ചു. ജയിൽ വാസവും ഉപദ്രവവും ഹേതുവായി അനേകർക്ക് തങ്ങളുടെ വീട് വിട്ട് പോകേണ്ടിവന്നു. നാടുവിട്ടുപോയി, ജർമ്മനിയിലുള്ള സിൻസെൻഡോർഫ് എന്ന ഒരു ദൈവദാസൻ അവർക്ക് തന്റെ സാക്സണിയിലുള്ള തന്റെ തോട്ടത്തിൽ ചിലർക്ക് അഭയം ഒരുക്കി. അവരുടെ പുതിയ വീട് ഹെൺഹട്ട് എന്നറിയപ്പെട്ടു, ദൈവത്തിന്റെ കരുതൽ അവരോടു കൂടെയുണ്ടായിരുന്നു. അവരിൽ പലരും ലോകത്തിലെ സുവിശേഷകന്മാരും മിഷനറിമാരും എന്നു അറിയപ്പെട്ടു. അവരുടെ പുതിയ നേതാവ്, സിൻസെൻ ഡോർഫ് അവരെക്കുറിച്ച് ഇങ്ങനെ പാടി.

എല്ലായിടത്തും ഉച്ചത്തിൽ ശബ്ദമുണ്ടാക്കി,

സാത്താന്റെ ഗോപുരങ്ങളെ അവർ പിടിച്ചുകുലുക്കി,

നിന്റെ അഭിഷിക്ത സാക്ഷികൾ

അങ്ങയുടെ മഹാവിടുതലിന്റെ സാക്ഷ്യം അവർ പറഞ്ഞു.

ഒരു ആത്മീക പെന്തെക്കോസ്തു അനുഭവിച്ച ആദ്യ മൂന്നു ദശാബ്ദങ്ങൾക്ക് ശേഷം കുഞ്ഞാടിന്റെ രക്തത്താലുള്ള സുവിശേഷം അവർ അയൽരാജ്യങ്ങളിലും യൂറോപ്പിലും അനേകദുരുപദേശ പ്രസ്ഥാനങ്ങൾ ഉള്ള അമേരിക്കയിലും ഏഷ്യയിലും തെക്കും വടക്കും ഭാഗങ്ങളിലും ആഫ്രിക്കൻ രാജ്യങ്ങളിലും ഘോഷിക്കുവാൻ ഇടയായി.

ഇത് 1727 ആഗസ്റ്റ് പതിനേഴ് ആയിരുന്നു. സിൻസെൻഡോർഫ് ഈ ദിവസത്തെ പരിശുദ്ധാത്മാവിനെ സഭയുടെ മേൽ പകർന്ന ദിവസം എന്ന് വിളിച്ചു. ഇതാണ് പെന്തെക്കോസ്തു. അദ്ദേഹം വീണ്ടും ഇങ്ങനെ എഴുതി: "ഒരു അനുഭവമോ അറിവോ കൂടാതെ രക്ഷകൻ പരിശുദ്ധാത്മാവിനെ നൽകുവാൻ അനുവദിച്ചു".

ഇവിടെ നമുക്കു നേതാക്കന്മാരും സഹായികളും ഉണ്ട്. എന്നാൽ ഇപ്പോൾ പരിശുദ്ധാത്മാവ് തന്നെ എല്ലാറ്റിന്റെയും നിയന്ത്രണം ഏറ്റെടുത്തു.

അതുകൊണ്ടു കർത്താവായ യേശുവിനോട് ഇങ്ങനെ താൻ പ്രാർത്ഥിച്ചു.

കർത്താവേ, ഞങ്ങളുടെ മഹാപുരോഹിതനും രക്ഷകനും ആയുള്ളോവേ,

പകരുക അഗ്നിയെയും പരിശുദ്ധാത്മാവിന്റെ ഉണർവിനേയും എല്ലാ ഞങ്ങളുടെ പൗരൊഹിത്യ ശുശ്രൂഷകളുടെമേലും ഞങ്ങൾ മദ്ധ്യസ്ഥതയണക്കുമ്പോൾ ഞങ്ങൾ വിളിച്ചപേക്ഷിക്കുമ്പോൾ, സൗരഭ്യം പകരണമേ, ഞങ്ങളെ കരം പിടിക്കണമേ". ❖

(6-ാംപേജിന്റെ തുടർച്ച)

ഏകാഗ്രതയുടെ ഒരു ഉടമ്പടി

കർത്താവേ, വീഴ്ചകളിൽ നിന്നും അനേകവിധമായ ഇടർച്ചകളിൽ നിന്നും ഞങ്ങളെ വിടുവിച്ചിരിക്കുന്നു. നിന്റെ നാമം ദുഷിക്കപ്പെടരുതേ, എന്റെ സമാധാനത്തിന് തടസ്സം ഉണ്ടാകരുതേ, അവിടുത്തെ ജനം ദു:ഖിക്കുവാൻ ഇടയാവരുതേ, ശത്രുക്കൾ ജയഘോഷം കൊള്ളരുതേ. ആമേൻ.

അവിടുത്തെ വാഗ്ദത്ത ശുശ്രൂഷയ്ക്കായി ഞാൻ അടുത്തുവരുന്നു. ജോൺ ബനിയൻ, വാവാസർ, പോവെൽ, ഹവൽഹാരിസ്, റോലാൻഡ്സ് ആന്റ് വൈറ്റ് ഫീൽഡ്എന്നിവരെ അനുഗ്രഹിച്ചതുപോലെ അടിയന്റെ ശുശ്രൂഷയെ അനുഗ്രഹിക്കേണമേ. എന്റെ ശുശ്രൂഷയിലെ തടസ്സങ്ങളെ അകറ്റേണമേ. ദൈവത്തിന് കൊള്ളാകുന്നവനായി നില്ക്കുവാൻ എന്നെ അനുഗ്രഹിക്കേണമേ. ആത്മാക്കളെ സ്നേഹിപ്പാൻ എന്നെ സഹായിക്കേണമേ. ഞാൻ അവിടുത്തെ വചനം പ്രസംഗിക്കുന്നതിനുമുമ്പ് അതിന്റെ ശക്തിയെ അറിയുവാൻ എനിക്ക് കൃപ നൽകേണമേ. മിസ്രയീമിൽ അത്ഭുതങ്ങളെ കണ്ട മോശെയെപ്പോലെ എന്നെ അനുഗ്രഹിക്കേണമേ. അവിടുത്തെ തിരുരക്തത്തിനുവേണ്ടി, യേശുവേ, എന്റെ എല്ലാറ്റിനും എല്ലാമായവനേ, അനുഗ്രഹിക്കേണമേ. ആമേൻ.

എന്നെ പരിശോധിക്കണമേ, എന്റെ ഹൃദയത്തെ അറിയേണമേ. അവിടുത്തെ മുമ്പിൽ ഞാൻ ആര് എന്ന് ഞാൻ അറിയുമാറാകട്ടെ, നിത്യതയിൽ അവിടുത്തെ മുഖം എനിക്ക് പ്രകാശിക്കേണമേ. ഞാൻ കണ്ണു തുറക്കുമ്പോൾ നിന്റെ സന്നിധിയിൽ ആനന്ദിക്കട്ടെ. രക്തത്താൽ എന്നെ കഴുകേണമ ആമേൻ.

ആഹാരത്തിനും സംരക്ഷണത്തിനും വേണ്ടി അങ്ങയിൽ ആശ്രയിപ്പാൻ എന്നെ സഹായിക്കേണമേ. എന്റെ ആവശ്യങ്ങളിൽ സഹായിക്കേണമേ. വാഗ്ദത്തത്തിന്റെ പദവിയാലുള്ള സംരക്ഷണം എനിക്കുമേൽ ഉണ്ടായിരിക്കുമാറാകേണമേ. ഒരു സാധാരണ സംരക്ഷണം അല്ല. അവിടുന്ന് കാക്കകളെ പോറ്റുന്നു, താമരയെ അണിയിച്ചൊരുക്കുന്നു, അവയൊക്കെയും നശിച്ചുപോകുന്നു, എന്നാൽ ഒരു കുടുംബത്തിന്റെ അംഗത്തെപ്പോലെ, ഒരു സഹോദരനെപ്പോലെ എന്നെ പാലിക്കേണമേ. ആമേൻ.

വാഴ്ത്തപ്പെട്ട കർത്താവേ, പാപം എന്നിൽ വാഴരുതേ, അതു എന്റെ ജീവിതത്തെ നിന്റെ സന്നിധിയിൽ നിന്നും എന്നെ തള്ളിയാൽ ഇടയാകരുതെ, അതേ, ഏലിയൂടെ മക്കളെപ്പോലെയാകരുതേ. അവിടുത്തേയ്ക്ക് പ്രയോജനമുള്ളവനായി കാണപ്പെടുവാൻ എന്നെ സഹായിക്കേണമേ, അനേകർക്ക് ഉപയോഗമുള്ളവനായി അടിയനെ പണിയേണമേ. ആമെൻ.

ഞാൻ പ്രാർത്ഥിക്കുന്നു, എന്റെ വീണ്ടെടുപ്പുകാരാ, എന്റെ അപേക്ഷകൾ തിരുമുമ്പിൽ സമർപ്പിക്കുന്നു. അവിടുത്തെ പുസ്തകത്തിൽ അത് എഴുതി വയ്ക്കണമേ. ഞാൻ നശിച്ചു പോകുന്ന പേനയാൽ താല്ക്കാലിക ബുക്കിൽ എഴുതുമ്പോൾ, അവിടുത്തെ നിത്യതയുടെ പുസ്തകത്തിൽ എഴുതി വയ്ക്കേണമേ. അവിടുത്തെ കരുണാധിക്യപ്രകാരം അവിടുത്തെ നിത്യ കൃപയാൽ നിത്യദയയാൽ ഞങ്ങളെ അനുഗ്രഹിക്കണമേ. ഉയരത്തിൽ നിന്നും എന്റെ താഴ്ചയായ യാചന കേൾക്കേണമേ. ആമേൻ. ❖

നമ്മുടെ പദവിയായ പൂർണ്ണ രക്ഷ

By Andrew Murray

അതിന് അവൻ അവനോട്, മകനേ "നീ എപ്പോഴും എന്നോടുകൂടെ ഇരിക്കുന്നുവല്ലോ; എനിക്കുള്ളതെല്ലാം നിന്റേതു ആകുന്നു" (ലൂക്കോ. 15:31). ചില വർഷങ്ങൾക്ക് മുമ്പ് കെസ് വിക്ക് -ൽ വച്ച് ഡി.എൽ.മൂഡി എന്നോട് പറഞ്ഞത് ചില ശുശ്രൂഷകന്മാർ തങ്ങളുടെ ശുശ്രൂഷയുടെ ഭാഗങ്ങൾ ഞങ്ങളോട് പറഞ്ഞപ്പോൾ, ഡി. എൽ. മൂഡി തന്നോട് തന്നെ ഇങ്ങനെ പറഞ്ഞു, "എനിക്ക് എന്തുകൊണ്ട് ഇത് നേരത്തെ കാണാൻ കഴിഞ്ഞില്ല"?

മുടിയനായ പുത്രനോടുള്ള ബന്ധത്തിൽ പിതാവിന്റെ സ്നേഹത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ, പിതാവിന് മൂത്ത മകനോടുള്ള കരുതലുകൾ അപ്പന്റെ സ്നേഹം ഇവയെക്കുറിച്ച് ചിന്തിക്കുമ്പോൾ, ദൈവമക്കളുടെ ജീവിതത്തിലെ ഉന്നതപദവികൾ. രണ്ടാമതായി അനേകരുടെ നിലവാരം കുറഞ്ഞ പരിചയങ്ങൾ. മൂന്നാമതായി ഇതിലെ വൈപരീത്യങ്ങൾ നാലാമതായി ഉദ്ധാരണത്തിന്റെ വഴികൾ അഥവാ രക്ഷയുടെ പൂർണ്ണത എങ്ങനെ പ്രാപിക്കാം.

ദൈവമക്കളുടെ ഉന്നത നിലവാരം

ആദ്യമായി, അപ്പോൾ, മൂത്തമകൻ, പിതാവിനോടുകൂടെ എപ്പോഴും ഉള്ളവൻ, രണ്ടുകാര്യങ്ങൾ പദവിയായിട്ടുണ്ട്. ഇടവിടാതെയുള്ള കൂട്ടായ്മ, പരിധി കൂടാതെയുള്ള പങ്കാളിത്വം. എന്നാൽ മുടിയനായ പുത്രനെക്കാൾ മോശമാണ്, വീട്ടിൽ വസിക്കുന്നവൻ എങ്കിലും തന്റെ പദവികളെക്കുറിച്ച് അറിവില്ലാത്തവൻ, അറിയപ്പെടാത്തവൻ, സന്തോഷമില്ലാത്തവൻ. കൂട്ടായ്മയുടെ എല്ലാ നിറവുകളും അവനായി കാത്തിരിക്കുന്നു, അവനു വേണ്ടിയുള്ളതാണ്, എന്നാൽ അവൻ അത് പ്രാപിച്ചിട്ടില്ല. ഇളയ മകൻ വീട്ടിൽ നിന്നും അകലെയാണ്, അന്യരാജ്യത്തിലാണ്, ജേഷ്ഠ്യസഹോദരൻ വീട്ടിലാണ് വസിക്കുന്നു എങ്കിലും വീട്ടിലെ സന്തോഷങ്ങളിൽ നിന്നും അകലെയാണ്.

ഇടവിടാതെയുള്ള കൂട്ടായ്മ:- ഈ ലോകത്തിലെ പിതാവ് തന്റെ മക്കളെ സന്തോഷിപ്പിക്കുന്നു, "ദൈവം സ്നേഹമാകുന്നു" (1യോഹ. 4:8). തന്റെ സ്വന്തം സ്വഭാവം തന്റെ ജനത്തിന്മേൽ പകർന്നു കൊടുക്കുന്നു. ദൈവം തന്റെ ജനത്തിനെതിരെ തന്റെ മുഖം മറയ്ക്കുന്നു. അനേകർ പറയുന്നു, രണ്ട് കാര്യങ്ങൾ മനുഷ്യർക്കെതിരെ തന്റെ മുഖം മറയ്ക്കുവാൻ തന്നെ പ്രേരിപ്പിക്കുന്നു. പാപവും അവിശ്വാസവും സൂര്യൻ പ്രകാശിക്കുക എന്നത് അതിന്റെ സ്വഭാവമാണ്. ഇതിന് പ്രകാശിക്കുന്നതിന് സഹായിപ്പാൻ കഴിയുകയില്ല. ദൈവം സ്നേഹം ആകുന്നു, ബഹുമാനത്തോടെ സംസാരിക്കുന്നു, അവിടുത്തേയ്ക്ക് സ്നേഹിക്കുന്നതിന് സഹായിപ്പാൻ കഴിയുകയില്ല. ദുഷ്ടനോടുള്ള ദൈവസ്നേഹത്തെ നാം കാണുന്നു, തെറ്റി നടക്കുന്നവനോട് അവിടുത്തേക്ക് ദയതോന്നുന്നു, എന്നാൽ തന്നിലുള്ള പിതാവിന്റെ സ്നേഹം തന്റെ ജനത്തിന്മേൽ പകരപ്പെടുന്നു. "എപ്പോഴും എന്നോടു കൂടെ" എന്നാൽ, നിങ്ങൾ പറയുന്നു, "എപ്പോഴും എന്നോടുകൂടെ വസിപ്പാനും സന്തോഷമായിരിപ്പാനും നമുക്കു കഴിയുമോ? അതെ, അതിന് കഴിയും, അതിന് ആധാരമായ ധാരാളം വേദഭാഗങ്ങൾ നമുക്കു ലഭിക്കുന്നു. എബ്രായ ലേഖനത്തിലേക്കു നോക്കൂ, അവിടെ നാം വായിക്കുന്നു, "അതുകൊണ്ട് സഹോദരന്മാരെ, യേശു തന്റെ ദേഹം എന്ന തിരശീലയിൽ കൂടി നമുക്കു പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴിയായി, തന്റെ രക്തത്താൽ വിശുദ്ധമന്ദിരത്തിലേക്കുള്ള പ്രവേശനത്തിന് ധൈര്യവും (എബ്രാ. 10:19,20), ദാവീദ് മറഞ്ഞിരിക്കുന്നതിനെക്കുറിച്ച് സംസാരിക്കുന്നു, "നിന്റെ കൂടാരത്തിന്റെ മറവിൽ എന്നെ മറെയ്ക്കും"; എന്റെ ആയുഷ്ക്കാലമൊക്കെയും നിന്റെ ആലയത്തിൽ പാർക്കേണ്ടതിന് തന്നെ" (സങ്കീ. 27:5, 91:1).

എന്റെ ദൂത് ഇതാണ്, ദൈവം ആഗ്രഹിക്കുന്നത്, പൂർണ്ണമായി ദൈവഹിതത്തിനായി ജീവിക്ക എന്നതാണ്. നിങ്ങളുടെ ജോലി, നിങ്ങളുടെ മനോഭാവം, സാഹചര്യങ്ങൾ ഇവയെല്ലാം നിങ്ങളുടെ ദൈവത്തെക്കാൾ വലിയതാണോ? നിങ്ങൾ ദൈവസന്നിധിയിലേക്ക് വന്ന് എന്നിൽ എന്നിലൂടെ പ്രകാശിക്കേണം എന്ന് പ്രാർത്ഥിക്കുമ്പോൾ, അവിടുത്തേയ്ക്ക് ചെയ്യാൻ കഴിയും എന്നും ഒരു വിശ്വാസി എന്ന നിലയിൽ എല്ലാ ദിവസവും അവിടുത്തെ സ്നേഹത്തിന്റെ വെളിച്ചത്തിൽ നടക്കുവാൻ നിങ്ങൾക്ക് കഴിയും എന്ന് വെളിവാകുകയും ചെയ്യും. അതാണ് "പൂർണ്ണ രക്ഷ". എപ്പോഴും നിങ്ങളോടുകൂടെ; ഞാൻ ഇത് അറിഞ്ഞിരുന്നില്ല, കർത്താവേ, എനിക്ക് ഈ സന്തോഷം എനിക്ക് അറിയാൻ കഴിഞ്ഞില്ല, ഇപ്പോൾ ഞാൻ അറിയുന്നു.

പരിധി കൂടാതെയുള്ള പങ്കാളിത്തം:- "എനിക്കുള്ളതെല്ലാം നിന്റേതാണ്. മൂത്തമകൻ, ഇളയമകനോടുള്ള അപ്പന്റെ മനോഭാവത്തെ ചോദ്യം ചെയ്യുകയാണ്. തന്റെ മടങ്ങി വരവിലുള്ള സന്തോഷത്തെയും അതിന്റെ ആ ഘോഷത്തെയും എതിർക്കുകയാണ്. തന്റെ കൂട്ടുകാരോടുകൂടെ സന്തോഷിക്കുവാൻ ഒരു ആട്ടിൻകുട്ടിയെ കൊടുത്തിട്ടില്ല. (ലൂക്കോ. 15:29). അപ്പൻ, സ്നേഹത്തോടെ മകനോടു പറഞ്ഞു, "മകനേ, നീ എന്നോടുകൂടെ എപ്പോഴും വീട്ടിൽ ഉണ്ടല്ലോ; നീ ഒന്ന് ചോദിക്ക മാത്രം ചെയ്താൽ മതി നീ ആഗ്രഹിച്ചതും, നീ ആവശ്യപ്പെട്ടതുമെല്ലാം നിനക്കു ലഭിക്കുമായിരുന്നു". അതാണ് നമ്മുടെ പിതാവ് തന്റെ എല്ലാ മക്കളോടും പറയുന്നത്. എന്നാൽ നിങ്ങൾ പറയുന്നു, "ഞാൻ തീരെ ക്ഷീണിതനാണ്, എന്റെ പാപത്തെ കീഴ്പ്പെടുത്തുവാൻ എനിക്ക് കഴിയുകയില്ല. അതും ഇതും ഒക്കെ പറഞ്ഞാൽ എനിക്ക് ചെയ്യാൻ കഴിയുകയില്ല. ഇല്ല, എന്നാൽ ദൈവത്തിന് കഴിയും; സദാ സമയവും അവിടുന്ന് നമ്മോട് പറയുന്നത്, എനിക്കുള്ളതെല്ലാം നിങ്ങളുടേതാണ്; ക്രിസ്തുവിന്റെ എല്ലാ ധനവും ദൈവത്തിന്റെ എല്ലാ ശക്തിയും ജ്ഞാനവും ക്രിസ്തുവിന്റെ എല്ലാ ധനവും ദൈവത്തിന്റെ എല്ലാ സ്നേഹവും എനിക്ക് ഇല്ലാത്തതായി ഒന്നും ഇല്ല. എനിക്കുള്ളതെല്ലാം നിന്റേതാണ; ഞാൻ ദൈവം ആകുന്നു, ഞാൻ സ്നേഹിക്കും, സംരക്ഷിക്കും, നിങ്ങളെ അനുഗ്രഹിക്കും. ഇങ്ങനെ ദൈവം അരുളിചെ

(ശേഷം 10-ാം പേജിൽ)

(9-ാംപേജിന്റെ തുടർച്ച)

നമ്മുടെ പദവിയായ പൂർണ്ണ രക്ഷ

യ്യുന്നു, ചിലർക്ക് ഇതെല്ലാം ഒരു സ്വപ്നം പോലെ തോന്നും. എന്തുകൊണ്ടാണ് നിങ്ങൾ തീരെ പാവമാകുന്നത്? ദൈവവചനം നിശ്ചയമാണ്, ഈ കാര്യങ്ങൾ എല്ലാം അവിടുന്ന് അരുളിചെയ്തിട്ടില്ലേ? യോഹന്നാൻ 14 മുതൽ 16 വരെയുള്ള അധ്യായങ്ങളിൽ കർത്താവിൽ വസിക്കുന്നവർക്ക് എത്ര അത്ഭുതകരമായിട്ടാണ് പ്രാർത്ഥനയ്ക്ക് മറുപടി കിട്ടുന്നത്. ഒരു ക്രിസ്ത്യാനി അതുപോലെയൊരു ജീവിതം നയിച്ചാൽ നിങ്ങൾക്കും കിട്ടും. എന്ന് യഥാർത്ഥമായി നിങ്ങൾ വിശ്വസിക്കുന്നുവോ?

താഴ്ന്ന പരിചയം

രണ്ടാമത്തെ കാര്യം പരിശോധിക്കാം. ദൈവത്തിന്റെ പ്രിയമക്കളുടെ ധാരാളം അനുഭവങ്ങൾ താഴ്ന്ന നിലവാരമാണ്. എന്താണിത്? ആത്മീക ദാരിദ്ര്യം. മൂത്തമകൻ, ധനവാനായ മനുഷ്യന്റെ മകൻ, ദാരിദ്ര്യത്തിൽ ജീവിക്കുന്നു. “ ഒരിക്കലും ഒരു ആട്ടിൻ കുട്ടിയില്ലാത്തവൻ പിതാവിനുള്ളതെല്ലാം തന്റേതായിരിക്കേ - അനേകം ദൈവമക്കളുടെ അനുഭവം ഇതാണ്. അവിടുന്ന് ആഗ്രഹിക്കുന്ന വഴി പൂർണ്ണ കൂട്ടായ്മയുടെ അനുഗ്രഹങ്ങൾ ലഭിക്കുന്ന വഴി എത്ര വൈരുദ്ധ്യം!

ജീവിതത്തിൽ സന്തോഷത്തോടെ ജീവിക്കുന്ന ചിലർ ചോദിക്കുന്നു ; എന്തുകൊണ്ടാണ് ഞങ്ങൾക്ക് വിശ്വാസമില്ലെങ്കിലും സന്തോഷമായി ജീവിക്കുന്നത്. ഇങ്ങനെ ഞങ്ങളുടെ കാര്യങ്ങളിൽ ആയിരിക്കുന്നില്ലേ? അവർ പറയുന്നു. അവർ വിശ്വസിക്കുന്നത് ഇപ്രകാരം ജീവിതത്തിന്റെ കഷ്ടങ്ങളിലും സന്തോഷകരമായി ജീവിക്കുവാൻ കഴിയും.

ഞാൻ ഒരു സ്ത്രീയോട് സംസാരിച്ചു- ഒരു ക്രിസ്തീയ സ്ത്രീ എങ്ങനെയാണ് നിങ്ങളുടെ ജീവിതം പോകുന്നു എന്നു ചോദിച്ചു. അവരുടെ അനുഭവത്തിൽ നിന്നും പറഞ്ഞത്, ചില സമയത്തിൽ ജീവിതം ഇരുളടഞ്ഞതായി തോന്നും ചില സമയത്ത് പ്രകാശമായതായി തോന്നും, അവൾ വാദിച്ചു, കർത്താവിന്റെ രാജ്യത്തിൽ ഇതെല്ലാം സ്വാഭാവികമാണ്. അതുകൊണ്ട് അവൾ തെറ്റായ വഴിയിൽ ജീവിതം നയിച്ചു. പുസ്തകത്തിൽ ഒരു സ്ഥലത്തും വിശ്വാസികൾക്ക് ഒരു ഇരുട്ടോ വെളിച്ചമോ വച്ചിട്ടില്ല എന്ന് പറഞ്ഞു. ഞാൻ ഇങ്ങനെ പറഞ്ഞു, “ നിന്റെ സൂര്യൻ ഇനി അസ്തമിക്കയില്ല ” (യെശ. 60:20). അനേകർ വിശ്വസിക്കുന്നത് വിശ്വാസികൾക്ക് അധികം നല്ലതായിട്ടൊന്നും ഇല്ല എന്നാണ്. ഞാൻ അവരോട് പറഞ്ഞു, പാപവും അവിശ്വാസവും അല്ലാതെ ഒന്നിനാലും ദൈവത്തിന്റെ മുഖം മറയ്ക്കുവാൻ കവിയുന്നതല്ല. നിങ്ങൾ ആത്മിക ദാരിദ്ര്യത്തിലാണെങ്കിൽ സന്തോഷമില്ലാത്തവരാണെങ്കിൽ, മാനസിക പിരിമുറുക്കം, അലച്ചിൽ എന്നിവയിൽ ആയിരിക്കുന്നു എങ്കിൽ, എന്തുകൊണ്ട് അങ്ങനെയായിരിക്കുന്നു? “ അതെ ”, നിങ്ങൾ പറയും, “ഞാൻ ക്ഷീണിതനാണ്, ഞാൻ വീഴും. വേദപുസ്തകം പറയുന്നില്ലേ, അവിടുന്ന് വീഴാതവണ്ണം നമ്മെ സൂക്ഷിച്ചു (യൂദാ 24). ഒരു ശുശ്രൂഷകൻ ഒരിക്കൽ എന്നോടു പറഞ്ഞത്, ദൈവത്തിന് സകലവും കഴിയും എങ്കിൽ പോലും എനിക്ക് അത് ചെയ്യാൻ കഴിയും എന്ന് ഒരിക്കൽ പോലും പറയുന്നില്ല. ദൈവം നമ്മെ കളിയാക്കുന്നില്ല, സ്നേഹിക്കുന്നു; അവിടുന്ന് ശക്തനാണ് എന്ന് പറയുന്നു എങ്കൽ, അത് ദൈവം നമ്മെ സഹായിക്കും എന്നതിന്റെ തെളിവാണ്. ദൈവവചനത്തെ നമുക്കു വിശ്വസിക്കാം, വചനത്തിന്റെ വെളിച്ചത്തിൽ നമ്മുടെ ജീവിതങ്ങളെ നമുക്ക് പരിശോധിക്കാം.

വീണ്ടും, നിങ്ങൾ പ്രവർത്തിക്കയും ധാരാളം ഫലം പുറപ്പെടുവിക്കയും ചെയ്യുന്നു എങ്കിൽ, ജീവിതം കൊണ്ട് നിങ്ങൾ പറയും, ദൈവം ആ മനുഷ്യനോടൊപ്പമുണ്ട്, താഴ്മയുള്ളവനായി വിശുദ്ധിയുള്ളവനായി സ്വർഗ്ഗീയ മനസ്സുള്ളവനായി അവനെ കാക്കുന്നു. അത് മാനസാന്തരത്തിനായി നിർബ്ബന്ധിക്കുന്നു എങ്കിൽ സാധാരണ ക്രിസ്ത്യാനികളല്ലേ, കോപിക്കുന്നു, ലോകമയത്വമുള്ളവൻ, സ്വർഗ്ഗീയമനസ്സ് ഇല്ലാത്തവൻ അല്ലേ? അങ്ങനെയുള്ളൊരു ജീവിതം ദൈവം ആവശ്യപ്പെടുന്നില്ല. നമുക്ക് സമ്പന്നനായ ഒരു പിതാവുണ്ട്, അവിടുന്ന് നമ്മുടെ ആവശ്യങ്ങളെ അറിയാത്തവനല്ല, സമൃദ്ധിയായി നൽകുവാൻ കഴിവുള്ളവൻ മനസുള്ളവൻ.

എത്ര സണ്ടേസ്കൂൾ അധ്യാപകരാണ് പഠിപ്പിക്കുന്നവരായിട്ടുള്ളത്, പഠിപ്പിച്ചിട്ട് അവരുടെ മാനസാന്തരത്തിനായി പ്രത്യാശിക്കുന്നത്, എന്നാൽ, അവർക്ക് പറയാൻ കഴികയില്ല, ദൈവം ഞങ്ങളെ ഉപയോഗിക്കുന്നു എന്ന്. ദൈവത്തിന്റെ കൂട്ടായ്മയുടെ സന്തോഷം അവർക്കില്ല, പാപത്തിന്മേൽ ജയമില്ല, ലോകത്തെ മാനസാന്തരത്തിലേക്ക് നയിക്കുവാൻ അവർക്കാകുന്നില്ല. നിങ്ങൾ ഏതു കൂട്ടത്തിൽ ആയിരിക്കുന്നു? താഴ്ന്ന നിലവാരത്തിലാണോ അധ:പതിച്ചു പോയോ? മാനസാന്തരപ്പെടുക.ഈ രണ്ട് മക്കൾ രണ്ട് കൂട്ടങ്ങളെ പ്രതിനിധീകരിക്കുന്നു. മൂടിയനായ പുത്രൻ പിന്മാറ്റക്കാരൻ; മൂത്ത മകൻ ദൈവവുമായുള്ള പൂർണ്ണ കൂട്ടായ്മയിൽ നിന്നും പുറത്ത് പാവപ്പെട്ടവർക്കു തുല്യൻ. മൂത്തമകൻ അവനു വലിയമാറ്റം അവന്റെ ജീവിത്തിലാവശ്യമാണ്. അനുതപിക്കണം, ഏറ്റുപറയണം, തന്റെ പദവികളെ അവകാശമാക്കണം, അതെ, രണ്ടുപേരും വന്ന് പറയണം, “ അപ്പാ ഞാൻ പാപം ചെയ്തുപോയി ”.

മഹാ വൈപരീത്യങ്ങളുടെ കാരണം

ഇപ്പോൾ നാം ചോദിക്കും, ഈ ഭയങ്കരമായ വൈപരീത്യങ്ങളുടെ കാരണമെന്തായിരിക്കും? എന്താണ് നമ്മുടെ പരിചയങ്ങളിലുള്ള വ്യത്യാസം? നിങ്ങളോടുതന്നെ ചോദിക്ക, എന്തുകൊണ്ടാണ് എനിക്ക് ദൈവാനുഗ്രഹത്തിന്റെ പൂർണ്ണതയിൽ സന്തോഷിപ്പാൻ കഴിയാത്തത്? ദൈവത്തിന്റെ വചനം ഇതനെക്കുറിച്ച് എന്തു പറയുന്നു, മറ്റുള്ളവർ ഇതിനെക്കുറിച്ച് എന്തു പറയുന്നു, ഇതിന്റെ നടുവിൽ ചിലർ ജീവിക്കുന്നതായി ഞാൻ കാണുന്നു. “അതെ, കാരണം ചോദിക്കുക; ദൈവത്തിങ്കലേക്ക് വന്നിട്ട് പറയൂ: എന്തുകൊണ്ട് ആണ് അവിടുന്ന് ആഗ്രഹിക്കുന്നതുപോലെയൊരു ജീവിതം എനിക്ക് ജീവിക്കുവാൻ കഴിയാത്തത് ” ?

നിങ്ങൾ ഈ കഥയിൽ ഒരു ഉത്തരം കണ്ടെത്തും. മൂത്തമകനുള്ളത് കുട്ടികളുടെ സമാനമായ നിഷ്ക

(ശേഷം 11-ാം പേജിൽ)

(10-ാംപേജിന്റെ തുടർച്ച)

നമ്മുടെ പദവിയായ പൂർണ്ണ രക്ഷ

ളങ്ക ഹൃദയമല്ല, പിതാവിനെക്കുറിച്ചുള്ള തെറ്റായ ചിന്തകൾ മനസു നിറഞ്ഞിരിക്കുന്നു, പിതാവിനെക്കുറിച്ചുള്ള യഥാർത്ഥ ചിന്തകൾ കൊണ്ട് മനസു നിറയും എങ്കിൽ നിങ്ങളുടെ ജീവിതം ധന്യമായിത്തീരും. അല്ല, നിങ്ങൾ ആയിരുന്നതുപോലെയാണ് നിങ്ങളുടെ വാക്കുകൾ എങ്കിൽ, എനിക്ക് കുട്ടിയപ്പോലെ സന്തോഷിപ്പാൻ എനിക്കു കഴിയുകയില്ല; എന്റെ പിതാവ് സമ്പന്നനാണ്, പക്ഷേ അദ്ദേഹം കൊടുക്കുന്ന ആളല്ല. ഞാൻ ധാരാളം പ്രാർത്ഥിച്ചു. ഒന്നും തന്നില്ല. മറ്റുള്ള ആളുകൾ പറയുന്നതു ഞാൻ കേട്ടത് ദൈവം എല്ലാം സമൃദ്ധിയായി നൽകുന്നു, എനിക്കു വേണ്ടി ഒന്നും ചെയ്തിട്ടില്ല.

ഒരു പ്രിയ ശുശ്രൂഷകൻ എന്നോട് പറഞ്ഞത്, ഇങ്ങനെയുള്ള ജീവിതം എല്ലാവർക്കും അല്ല, ദൈവത്തിന്റെ പരമാധികാരത്തിൽ തനിക്ക് ഇഷ്ടമുള്ളവന് കൊടുക്കുന്നു. കൂട്ടുകാരെ, ദൈവം പരമാധികാരിയാണ് എന്നതിന് സംശയമില്ല. തന്റെ ഇഷ്ടം പോലെ അവിടുത്തെ വരങ്ങൾ കൊടുക്കുന്നു. നാം എല്ലാവരും പൗലൊസ്മാരും പത്രൊസ്മാരും അല്ല; ഇടതു വശത്തോ വലതുവശത്തോ ഇരുത്തുവാനുള്ള അധികാരം തന്റെ പരമാധികാരത്തിലുള്ള ഇഷ്ടമാണ്. എന്നാൽ ഇത് തന്റെ പരമാധികാരത്തെ ബാധിക്കുന്നില്ല; ഇത് പിതാവിന്റെ അവകാശം സംബന്ധിച്ച ഒരു ചോദ്യമാണ്. തന്റെ രക്ഷയുടെ സന്തോഷത്തെ പൂർണ്ണമായി അവകാശമാക്കുന്ന കുട്ടികളോടുള്ള പിതാവിന്റെ സ്നേഹമാണ്.

ലോകത്തിലെ ഒരു പിതാവിനെ നോക്കുക. വിവിധ പ്രായത്തിലുള്ള കുട്ടികൾ, എന്നാൽ തുല്യ അവകാശമായി പിതാവ് തന്റെ സന്തോഷത്തിൽ കുട്ടികൾക്ക് നൽകുന്നു. ഇരുപതുവയസ്സുള്ള അഞ്ചു വയസ്സുള്ള മകന് കൊടുക്കുന്നതിനെക്കാൾ കൊടുക്കും എന്നത് സത്യമാണ്. മൂന്ന് വയസ്സുള്ളവനോട് സംസാരിക്കുന്നതിനേക്കാൾ കൂടുതൽ പതിനഞ്ച് വയസ്സുള്ളവനോട് സംസാരിക്കും എന്നതും ശരിയാണ്. എന്നാൽ അപ്പന് മക്കളോടുള്ള സ്നേഹം ഏകദേശം തുല്യമായിരിക്കും, അവർക്കുള്ള പദവികളും ഏകദേശം തുല്യമായിരിക്കും.

തന്റെ പ്രിയമക്കളോടുള്ള പിതാവിന്റെ സ്നേഹവും തുല്യമായിരിക്കും. അതെ, ദൈവത്തെ തള്ളിക്കളയുവാൻ ശ്രമിക്കരുത്, എന്നാൽ ദൈവത്തോട് പറയണം, "കഠിനമായ ചിന്തകൾ അങ്ങയെക്കുറിച്ച് ഉണ്ടായിരുന്നു., എന്റെ ദൈവമേ, ഞാൻ പാപം ചെയ്തിരിക്കുന്നു. ഒരു പിതാവ് എന്ന നിലയിൽ എന്റെ കുഞ്ഞുങ്ങൾക്ക് വേണ്ടി ഞാൻ ചെയ്തിരിക്കുന്നു, ഞാൻ ദൈവത്തിൽ വിശ്വസിച്ചില്ലെങ്കിലും എനിക്കുവേണ്ടി ചെയ്തിരിക്കുന്നു, കുട്ടികളുടേതിന് സമാനമായ ഹൃദയം എനിക്ക് ഇല്ലാതെ പോയിരിക്കുന്നു. അതെ, ദൈവസ്നേഹത്തിൽ വിശ്വസിക്കുക, അവിടുത്തെ ഇഷ്ടവും ദൈവശക്തിയും രക്ഷയുടെ സന്തോഷവും നമുക്കുതരും. ഒരു വലിയ മാറ്റം നമ്മുടെ ജീവിതത്തിൽ കടന്നു വരും.

ഉദ്ധാരണത്തിന്റെ വഴി

ഉദ്ധാരണത്തിന്റെ വഴിയെക്കുറിച്ച് ചിന്തിക്കാം. ഈ താഴ്ന്ന പരിചയത്തെ എങ്ങനെ പുറത്താക്കാം. ഇളയ പുത്രൻ അനുതിച്ചു, മറ്റുള്ളവർ ദൈവത്തെ സേവിക്കുന്നതുപോലെ സേവിച്ചു, എന്നാൽ, ആത്മിക സന്തോഷങ്ങളില്ല, അവിടുത്തെ വാഗ്ദത്തങ്ങളില്ല. മാനസാന്തരം എന്നത് പെട്ടെന്നുള്ള അനുഭവമാണ്, അനുതാപം എന്നതും സാധാരണമായി ദീർഘമായിട്ടുള്ളതാണ്. ദൈവസഭയിലുള്ള അനേകരും ചിന്തിക്കുന്നത് പൂർണ്ണ രക്ഷകൈവരിക്കുവാൻ സമയമെടുക്കും എന്നാണ്. അതെ ഇതിന് സമയം ആവശ്യമാണ്, നിങ്ങൾക്ക് സമയം നീട്ടിക്കൊണ്ടുപോകാം. അങ്ങനെ അതു നീണ്ടുപോകും. അങ്ങനെയല്ല സഹോദരാ നിങ്ങൾ ദൈവസന്നിധിയിൽ വന്ന് ആശ്രയിക്കും എങ്കിൽ ഒരു നിമിഷംകൊണ്ട് അതിലേക്ക് പ്രവേശിക്കാം. ദൈവകൃപയാൽ നിങ്ങളെത്തന്നെ ദൈവത്തിന് കൊടുക്ക. "എന്താണ് ഉപയോഗം, ഗുണം ഒന്നും ഉണ്ടാകയില്ല" എന്ന് പറയരുത്. എന്നാൽ അവിടുത്തെ മടിയിലേക്ക് നിങ്ങളെത്തന്നെ വെച്ചുകൊടുക്കുക. ദൈവം വിടുവിക്കും. ഇരുളിൽ നിന്നും വെളിച്ചത്തിലേക്ക് വരുവാൻ ഒരേയൊരു വഴിയേ ഉള്ളൂ. പറയുക, "പിതാവേ, നിന്റെ വഴിയിൽ നിന്നും എത്ര തെറ്റിപ്പോയി, നിന്റെ സ്നേഹം അനുഭവിപ്പാൻ കൃപതരേണമേ".

അതെ, അവിടുത്തെ വിളികേട്ട് ഇന്ന് ഞാൻ വരുന്നു. രക്ഷിക്കപ്പെടാത്തവനായിട്ടല്ല, പാപം ക്ഷമിച്ചു കിട്ടിയവനായി ഞാൻ വരുന്നു. കഠിനമായ ചിന്തകളാൽ പാപം ചെയ്തു ദൈവത്തിൽ നിന്നും അകന്നുപോയി, ദൈവത്തിൽ നിന്നും അകലെ വിശപ്പുള്ളവനായി ദാഹമുള്ളവനായി ആയിരുന്നു. വരിക, വന്ന് അനുതപിക്ക, നിങ്ങളുടെ അവിശ്വാസത്തേയും പാപത്തെയും കഴുകിക്കളയുവാൻ ദൈവത്തിൽ ആശ്രയിക്ക. അവിശ്വാസത്താൽ ദൈവത്തെ നിന്ദിക്കരുത്, എന്നാൽ മനസൊരുക്കത്തോട് വന്ന് രക്ഷയുടെ പൂർണ്ണതയെ അവകാശമാക്കുക. ദൈവത്തിൽ ആശ്രയിക്ക, അവിടുന്നു സംരക്ഷിക്കും. ഇത് പ്രയാസമെന്ന് ചിലർക്ക് തോന്നും, എന്നാൽ യാതൊരു പ്രയാസവുമില്ല. ദൈവത്തിന്റെ പ്രകാശം നിങ്ങളുടെമേൽ പ്രകാശിക്കും, എന്നിട്ട് പറയും, " മകനേ നീ എപ്പോഴും എന്നോടുകൂടെയിരിക്ക" ; ദൈവത്തിൽ വസിക്ക, ആ പ്രകാശത്തിൽ നടക്ക.

രണ്ടുവിധ ക്രിസ്ത്യാനികളുണ്ട്: രക്ഷയുടെ സന്തോഷം പൂർണ്ണമായി അനുഭവിക്കുന്ന ക്രിസ്ത്യാനികൾ, അവർ ഇതിനെക്കുറിച്ചു അറിയുന്നില്ല. ഇത് നിങ്ങൾക്ക് വ്യക്തമാകുന്നില്ലെങ്കിൽ, ദൈവത്തോടു ചോദിക്ക, അവിടുന്ന് വ്യക്തമാക്കിത്തരും. എന്നാൽ നിങ്ങൾ ഇതിനെക്കുറിച്ചു അറിയുന്നു എങ്കിൽ ഓർക്കുക, ഇത് ദൈവത്തിന്റെ പ്രവൃത്തി ആണ്. ദൈവത്തിന്റെ കരത്തിന്റെ അടുക്കലേക്ക് ചെല്ലുക; അവിടെ നിന്നും കേട്ടിട്ട് പറയുക, " എല്ലാം അങ്ങയുടേതാണ് "; എന്നിട്ട് പറയുക, " നന്ദികർത്താവേ, ഞാൻ വിശ്വസിക്കുന്നു, ഞാൻ സ്വീകരിക്കുന്നു, എന്നെ അവിടുത്തെ കരങ്ങളിൽ കൊടുക്കുന്നു, ഞാൻ വിശ്വസിക്കുന്നു, അവിടുന്ന് തന്നെത്താൻ ഇപ്പോൾ എനിക്ക് തരുന്നു".

അതെ, പിതാവേ, നിന്റെ രക്ഷയുടെ പൂർണ്ണസന്തോഷം എനിക്കു തരേണമേ. ❖